أوقاف الراجحي
AL RAJHI ENDOWMENT

Teach Me Islam Program Series

Gift
Not For Sale

# ദൈവത്തിന്റെ മഹത്വങ്ങൾ

തയ്യാറാക്കിയത്

അബ്ദുൽമലിക് അൽക്വാസിം

വിവർത്തനം

അബ്ദുൽ ജബ്ബാർ അബ്ദുല്ല

Malbari

Printed on account of

**Saleh Abdulaziz Al Rajhi Endowment Management**

(May God bestow mercy on him, his offspring and all Moslems)

# ദൈവത്തിന്റെ മഹത്വങ്ങൾ

തയ്യാറാക്കിയത്

അബ്ദുൽമലിക് അൽക്വാസിം

വിവർത്തനം

അബ്ദുൽ ജബ്ബാർ അബ്ദുല്ല

ⓗ المكتب التعاوني للدعوة والإرشاد وتوعية الجاليات بالدمام ، ١٤٣١هـ

فهرسة مكتبة الملك فهد الوطنية أثناء النشر

المكتب التعاوني للدعوة والإرشاد وتوعية الجاليات بالدمام

ادعو إلى سبيل ربك - مليباري / المكتب التعاوني للدعوة والإرشاد وتوعية الجاليات بالدمام - الدمام ، ١٤٣١ هـ

٤٨ ص ؛ ١٢ × ١٧ سم

ردمك : ٦-٢٣-٨٠٤٢-٦٠٣-٩٧٨

١- الدعوة الإسلامية أ- العنوان

ديوي ٢١٣ ١٤٣١/٣٩٥٢

رقم الايـداع: ١٤٣١/٣٩٥٢

ردمك: ٦-٢٣-٨٠٤٢-٦٠٣-٩٧٨

# വിവർത്തകന് പറയുവാനുള്ളത്

ഇസ്‌ലാമിക പ്രബോധനം ശ്രേഷ്ഠകർമ്മവും അതിയായ പുണ്യമുള്ളതുമാകുന്നു. നേർവഴിയിൽ പ്രവർത്തിക്കുന്ന പ്രബോധകൻ അമ്പിയാമുർസലീങ്ങളുടെ മാർഗ്ഗത്തിൽ ചലിക്കുന്നവനും അവരുടെ അനന്തരാവകാശിയുമാകുന്നു. അല്ലാഹു ﷻ പറയുന്നു:

﴿ قُلْ هَٰذِهِۦ سَبِيلِىٓ أَدْعُوٓا۟ إِلَى ٱللَّهِ ۚ عَلَىٰ بَصِيرَةٍ أَنَا۠ وَمَنِ ٱتَّبَعَنِى ۖ وَسُبْحَٰنَ ٱللَّهِ وَمَآ أَنَا۠ مِنَ ٱلْمُشْرِكِينَ ﴾

﴿(നബിയേ,) പറയുക: ഇതാണ് എന്റെ മാർഗ്ഗം. ദൃഢബോധ്യത്തോട് കൂടി അല്ലാഹുവിലേക്ക് ഞാൻ ക്ഷണിക്കുന്നു. ഞാനും എന്നെ പിൻപറ്റിയവരും. അല്ലാഹു എത്ര പരിശുദ്ധൻ! ഞാൻ (അവനോട്) പങ്കുചേർക്കുന്ന കൂട്ടത്തിലല്ലതന്നെ.﴾ (സൂറ: യൂസുഫ്: 108)

പ്രബോധനം പ്രവാചകന്റെﷺ മാർഗ്ഗമാണെന്നും ബസ്വീറത്തോടുകൂടിയാണ് അത് നിർവ്വഹിക്കേണ്ടതെന്നും ഈ ആയത്ത് ഉണർത്തുന്നു. ബസ്വീറത്ത് എന്നാൽ, പ്രബോധകർക്ക് വഴിതെളിയിക്കുന്ന ഉപകാരപ്രദമായ അറിവാണെന്നതിൽ പണ്ഡിതന്മാർ ഏകാഭിപ്രായക്കാരാണ്. അഥവാ, മതപരവും ബു

ദ്ധിപരവും പ്രകൃതിപരവുമായ ലക്ഷ്യങ്ങളിൽ സ്ഥാപിതമായ ശറഇയായ ജ്ഞാനമാണ് ബസ്വീറത്ത്. പ്രബോധകൻ സ്വീകരിക്കേണ്ട ശൈലികളും മാർഗ്ഗങ്ങളും ഇപ്രകാരം അല്ലാഹു ﷻ ഉണർത്തുന്നു:

﴿ ٱدْعُ إِلَىٰ سَبِيلِ رَبِّكَ بِٱلْحِكْمَةِ وَٱلْمَوْعِظَةِ ٱلْحَسَنَةِ ۖ وَجَٰدِلْهُم بِٱلَّتِى هِىَ أَحْسَنُ ۚ إِنَّ رَبَّكَ هُوَ أَعْلَمُ بِمَن ضَلَّ عَن سَبِيلِهِۦ ۖ وَهُوَ أَعْلَمُ بِٱلْمُهْتَدِينَ ﴾

﴿യുക്തിദീക്ഷയോടുകൂടിയും, സദുപദേശം മുഖേനയും നിന്റെ രക്ഷിതാവിന്റെ മാർഗ്ഗത്തിലേക്ക് നീ ക്ഷണിച്ചുകൊള്ളുക. ഏറ്റവും നല്ല രീതിയിൽ അവരുമായി സംവാദം നടത്തുകയും ചെയ്യുക. തീർച്ചയായും നിന്റെ രക്ഷിതാവ് തന്റെ മാർഗ്ഗം വിട്ട് പിഴച്ചുപോയവരെപ്പറ്റി നല്ലവണ്ണം അറിയുന്നവനത്രെ. സൻമാർഗ്ഗം പ്രാപിച്ചവരെപ്പറ്റിയും നല്ലവണ്ണം അറിയുന്നവനത്രെ.﴾ (സൂറഃ അന്നഹ്ൽ: 125)

പ്രബോധനം കഴിവും ശേഷിയുമുള്ള ഓരോ മുസൽമാന്റേയും ബാധ്യതയാണ്. അതിനുള്ള പ്രതിഫലമോ അതിമഹത്തരവുമാണ്. അല്ലാഹുവിന്റെ റസൂൽ ﷺ, അലി رضي الله عنه യിനോട് പറഞ്ഞു:

«فو الله لأنْ يَهدِيَ اللهُ بكَ رجُلاً خَيرٌ لكَ من أن يكونَ لكَ حُمْرُ النَّعَم»

((അല്ലാഹു തന്നെയാണ് സത്യം, താങ്കൾ കാരണത്താൽ ഒരാൾക്ക് അല്ലാഹു, ഹിദായത്ത് നൽകിയാൽ അതാണ് താങ്കൾക്ക് ഒരു ചുവന്ന ഒട്ടകം ഉണ്ടാകുന്നതിനേക്കാളും ഉത്തമമായത്)) (ബുഖാരി)

ഇസ്‌ലാമികാദർശത്തിലേക്കുള്ള ദഅ്വത്തിന് സാധ്യതകളേറെയുള്ളതും അതിനാൽതന്നെ ബാധ്യതകൾ ഭാരിച്ചതുമായ ഒരുകാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. അവസരങ്ങൾ മുതലെടുത്ത് ഒരു വിശ്വാസിക്കുള്ള ഉത്തരവാദിത്തങ്ങൾ പ്രയോഗവത്കരിക്കേണ്ടവനാണ് മുസ്‌ലിം. അല്ലാഹു ﷻ പറഞ്ഞു:

﴿ ٱلَّذِينَ إِن مَّكَّنَّٰهُمْ فِى ٱلْأَرْضِ أَقَامُوا۟ ٱلصَّلَوٰةَ وَءَاتَوُا۟ ٱلزَّكَوٰةَ وَأَمَرُوا۟ بِٱلْمَعْرُوفِ وَنَهَوْا۟ عَنِ ٱلْمُنكَرِ ۗ وَلِلَّهِ عَٰقِبَةُ ٱلْأُمُورِ ﴾

﴾ഭൂമിയിൽ നാം സ്വാധീനം നൽകിയാൽ നമസ്കാരം മുറപോലെ നിർവഹിക്കുകയും, സകാത്ത് നൽകുകയും, സദാചാരം സ്വീകരിക്കുവാൻ കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും ചെയ്യുന്നവരത്രെ അവർ (ആ മർദ്ദിതർ). കാര്യങ്ങളുടെ പര്യവസാനം അല്ലാഹുവിന്നുള്ളതാകുന്നു.﴿ (സൂറഃ അൽഹജ്ജ്: 41)

ദഅ്വത്ത് നിർവ്വഹിക്കുന്നതിൽ വീഴ്ചവരുത്തുന്നതിനെതിരിലുള്ള താക്കീതുകളും മുന്നറിയിപ്പുകളും അതിഭീഷണവും അതിശക്തവുമാണ്. അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«وَالَّذي نَفْسِي بِيَدِه لَتَأْمُرُنَّ بالمَعْرُوف وَلَتَنْهَوُنَّ عَنِ المُنْكَرِ و لَيُوشِكَنَّ اللهُ أَنْ يَبْعَثَ عَلَيْكُمْ عِقَاباً مِنْهُ فَتَدْعُونَهُ فَلا يَسْتَجِيبُ لَكُمْ»

«എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെയാണ് സത്യം, നിങ്ങൾ നന്മകൽപിക്കുക തന്നെവേണം. തിന്മ വിരോധിക്കുകതന്നെ വേണം. അല്ലെങ്കിൽ അല്ലാഹു അവന്റെ ശിക്ഷ നിങ്ങളുടെമേൽ അയക്കാനായിരിക്കുന്നു, അപ്പോൾ നിങ്ങളവനോട് പ്രാർത്ഥിക്കും, എന്നാൽ അതിന്ന് നിങ്ങൾക്ക്

ഉത്തരം ലഭിക്കുകയില്ല»[1] നന്മകൽപിക്കുകയും തിന്മവിരോധിക്കുകയും ഉപദേശം ഉപകരിക്കുകയും ചെയ്തവർക്കാണ് രക്ഷ. തിന്മ കൊടികുത്തിവാഴുകയും നന്മയുടെ വാക്താക്കൾ മൗനികളാവുകയും ചെയ്താൽ രക്ഷയുടെ കപ്പൽ എല്ലാവരും ഉൾപ്പെടെ മുങ്ങുമെന്നത് തിരുമൊഴിയാണ്. തെറ്റുതിരുത്തുന്നവർ ബാധ്യതനിറവേറ്റിയതിന് ശേഷം, തെറ്റുചെയ്യുന്നവർ ചെവിക്കൊള്ളതിരിക്കുകയാണെങ്കിൽ ശിക്ഷയിൽനിന്ന് നന്മകൽപിക്കുന്നവരെ അല്ലാഹു ﷻ കരകയറ്റും. അല്ലാഹു ﷻ പറയുന്നു:

﴿فَلَمَّا نَسُوا مَا ذُكِّرُوا بِهِ أَنجَيْنَا الَّذِينَ يَنْهَوْنَ عَنِ السُّوءِ وَأَخَذْنَا الَّذِينَ ظَلَمُوا بِعَذَابٍ بَئِيسٍ بِمَا كَانُوا يَفْسُقُونَ﴾

﴿എന്നാൽ അവരെ ഓർമ്മപ്പെടുത്തിയിരുന്നത് അവർ മറന്ന് കളഞ്ഞപ്പോൾ ദുഷ്പ്രവൃത്തിയിൽനിന്ന് വിലക്കിയിരുന്നവരെ നാം രക്ഷപ്പെടുത്തുകയും, അക്രമികളായ ആളുകളെ അവർ ധിക്കാരം കാണിച്ചതിന്റെ ഫലമായി നാം കഠിനമായ ശിക്ഷ മുഖേന പിടികൂടുകയും ചെയ്തു.﴾(സൂറഃ അൽഅഅ്റാഫ്: 165)

ആയതിനാൽ, സന്മാർഗ്ഗം പഠിച്ച്, അതിൽ ചലിച്ച്, അതിലേക്ക് വെളിച്ചം കാണിക്കുന്നവരിൽ നാം ഏവരും ഉൾപ്പെടുക.

﴿وَمِمَّنْ خَلَقْنَا أُمَّةٌ يَهْدُونَ بِالْحَقِّ وَبِهِ يَعْدِلُونَ﴾

﴿സത്യത്തിന്റെ അടിസ്ഥാനത്തിൽ മാർഗ്ഗദർശനം നൽകുകയും, അതനുസരിച്ച് തന്നെ നീതി നടത്തുകയും ചെയ്യുന്ന ഒരു സമൂഹം നാം സൃഷ്ടിച്ചവരുടെ കൂട്ടത്തിലുണ്ട്.﴾(സൂറഃ അൽ

---

[1] ***സുനനുത്തിർമുദി. അൽബാനി ഹദീഥിനെ ഹസനെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.***

അഅ്റാഫ്: 181)

അബ്ദുൽമലിക് അൽക്വാസിം തയ്യാറാക്കിയതും ദാറുൽ ക്വാസിം പുറത്തിറക്കിയതുമായ 'ഉദ്ഉ ഇലാ സബീലി റബ്ബിക' എന്ന ലഘുലേഖയുടെ വിവർത്തനമാണ് 'ദഅ്വത്തിന്റെ മഹത്വ ങ്ങൾ' എന്നപേരിൽ കൊച്ചുകൃതിയായി നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നത്. കൃതിയുടെ അവസാനത്തിൽ ദഅ്വത്തിന്റെ വിഷയത്തിൽ പണ്ഡിത ശ്രേഷ്ഠരുടെ ഏതാനും സുപ്രധാന ഫത്‌വകളും കൊടുത്തിട്ടുണ്ട്.

ഈ വിവർത്തനം സൂക്ഷ്മമായി പരിശോധിച്ച് വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകിയത് ബഹു: മുഹമ്മദ് സ്വാദിക്വ് അൽമദ നിയും ഷറഫുദ്ദീൻ പൂന്തുറ അവർകളുമാണ്. അവരോടെല്ലാമു ള്ള കൃതജ്ഞത രേഖപ്പെടുത്തുന്നു. നമ്മുടെ നാഥൻ തന്റെ അർശിനുപരിയിൽ ഇത് ഒരു സൽകർമ്മമായി സ്വീകരിക്കുമാ റാകട്ടെ... അവന്റെ വജ്ഹിനെ നമുക്കെല്ലാം പ്രദാനം ചെയ്യു മാറാകട്ടേ... ആമീൻ.

അബ്ദുൽ ജബ്ബാർ അബ്ദുല്ല

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

സ്തുതികൾ മുഴുവനും അല്ലാഹുﷻവിന് മാത്രമാകുന്നു. നമ്മുടെ പ്രവാചകൻ മുഹമ്മദ് നബിﷺയിലും തിരുനബിയുടെ കുടുംബത്തിലും അനുചരന്മാരിലും തിരുനബിയുടെ മാർഗ്ഗത്തിൽ വഴിനടന്നവരിലും സ്വലാത്തും സലാമും അല്ലാഹുﷻ വിൽനിന്ന് സദാവർഷിക്കുമാറാകട്ടെ.

ഞാൻ ഒരു ഫിലിപ്പൈൻ ദേശക്കാരനെ കണ്ടു. അദ്ദേഹം ഒരു ക്രിസ്തീയ പുരോഹിതനും മിഷനറീ പ്രവർത്തകനുമായിരുന്നു. അല്ലാഹുﷻ അദ്ദേഹത്തിന് സന്മാർഗ്ഗം കനിഞ്ഞു. ഇസ്‌ലാമിനെ നെഞ്ചിലേറ്റുവാൻ അല്ലാഹുﷻ അദ്ദേഹത്തിന് ഹൃദയവിശാലത നൽകി. അതിൽപിന്നെ അദ്ദേഹത്തിന്റെ പ്രവൃത്തി എങ്ങിനെയായിരുന്നുവെന്ന് താങ്കൾക്ക് അറിയുമോ? തന്റെ നാട്ടുകാരെ അദ്ദേഹം പ്രബോധനം ചെയ്യുവാൻ തുടങ്ങി. ഏതാനും വർഷങ്ങൾക്കിടയിൽ അദ്ദേഹത്തിന്റെ കരങ്ങളാൽ നാലായിരത്തോളമാളുകൾ ഇസ്‌ലാം ആശ്ലേഷിച്ചു. സുഹൃത്തേ, ഈ നാലായിരമാളുകളുടെ കൈകളാൽ ഇനിയും എത്രയാളുകൾ ഇസ്‌ലാം സ്വീകരിച്ചേക്കും. അതിനെ തുടർന്ന് എത്രമാത്രം പുണ്യങ്ങൾ അദ്ദേഹത്തിന് അന്ത്യനാളുവരേക്കും ലഭിച്ചുകൊണ്ടിരിക്കും. എല്ലാം അദ്ദേഹത്തിന് മംഗളമാകട്ടേ.

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«مَنْ دَلَّ علىٰ خَيْرٍ فَلَهُ مِثْلُ أَجْرِ فاعله»

((ആരെങ്കിലും ഒരു നന്മ അറിയിച്ച് കൊടുത്താൽ അത് ചെ

യ്യുന്നവന് ലഭിക്കുന്നതുപോലുള്ള പ്രതിഫലം അവനും ലഭിക്കും)) (മുസ്ലിം) ഇമാം നവവി ﷀ പറഞ്ഞു: "പ്രസ്തുത അറിയിക്കൽ വാക്കുകൊണ്ടോ ആംഗ്യംകൊണ്ടോ എഴുത്തുകൊണ്ടോ ആയാലും ശരി."

സഹോദരാ, അല്ലാഹുﷻവിലേക്കുള്ള ദഅ്വത്ത്, ഏറ്റവും മഹത്വമുള്ള പുണ്യകർമ്മങ്ങളിൽപ്പെട്ടതും അതിശ്രേഷ്ഠമായ നന്മകളിൽപ്പെട്ടതുമാണ്. ഈ ദീൻ എത്തിക്കുകയും അതിനെ പ്രതിരോധിക്കുകയും അതിന്റെ വൃത്തം സംരക്ഷിക്കുകയും ചെയ്യുന്ന മാർഗ്ഗേണ എല്ലാവരുടേയും ത്യാഗപരിശ്രമങ്ങളും നിഷ്ക്കളങ്കമായ സേവനങ്ങളും അക്ഷീണ, അവിശ്രമ അദ്ധ്വാനങ്ങളും ആവശ്യമാകുന്നു. അല്ലാഹു ﷻ പറഞ്ഞു:

﴿ يَٰٓأَيُّهَا ٱلْمُدَّثِّرُ ۝١ قُمْ فَأَنذِرْ ۝٢ ﴾

﴿ഹേ, പുതച്ചു മൂടിയവനേ, എഴുന്നേറ്റ് ( ജനങ്ങളെ ) താക്കീത് ചെയ്യുക.﴾ (വി. ക്വു. അൽമുദ്ദഥ്ഥിർ: 1,2)

സുഹൃത്തേ, ഇസ്ലാമിന്റെ മക്കളായ നാം ഈ മതത്തിനുവേണ്ടി നിലകൊള്ളുന്നില്ലായെങ്കിൽ ഇതിനുവേണ്ടി നിലകൊള്ളുവാൻ ആരുണ്ട്?

അല്ലാഹുﷻ, ഇസ്ലാമാകുന്ന അനുഗ്രഹം കൊണ്ട് താങ്കളെ ആദരിക്കുകയും കാര്യങ്ങൾ താങ്കൾക്ക് എളുപ്പമാക്കിത്തരികയും താങ്കൾ എറ്റവും മഹത്തായ വഴിയിൽ പ്രവേശിക്കുന്നതിനുവേണ്ടി മാർഗ്ഗം തരപ്പെടുത്തിത്തരികയും ചെയ്തു. ഇമാം ഇബ്നുൽക്വയ്യിം ﷀ പറഞ്ഞു: "അല്ലാഹുﷻവിലേക്കുള്ള ദഅ്വത്ത് മുർസലീങ്ങളുടേയും അവരെ അനുധാവനം ചെയ്യുന്നവരുടേയും കർത്തവ്യമാകുന്നു."[1]

[1] ജലാഉൽ അഫ്ഹാം 1: 415.

സഹോദരാ, വല്ലവനും ഒരു ഇസ്ലാമിക പ്രസിദ്ധീകരണം സമർപ്പിച്ചാൽ അവൻ പ്രബോധകനാണ്. വല്ലവനും ഒരു ഇസ്ലാമിക കേസറ്റ് സമ്മാനിക്കുകയോ, ഒരു അറിവില്ലാത്തവനെ പഠിപ്പിക്കുകയോ, ഒരു നന്മ അറിയിക്കുകയോ ഒരു ദീനീ സംസാരം നടത്തുകയോ ചെയ്താൽ അവനും പ്രബോധകനാണ്. പ്രബോധനത്തിന്റെ കവാടങ്ങൾ വിശാലവും മാർഗ്ഗങ്ങൾ എളുപ്പവും സരളവുമാണ്. അല്ലാഹുവേ നിനക്കുമാത്രമാണ് സ്തുതികളഖിലവും.

ദഅ്വത്തിനുള്ള മനോവീര്യം കുറയുകയും ദുർബലത പിടികൂടുകയും ചെയ്യുമ്പോഴെല്ലാം പ്രബോധകനുള്ള മേന്മകളും അതിമഹത്തായ പ്രതിഫലങ്ങളും താങ്കൾ ഓർക്കുക.

## പ്രബോധനത്തിന്റെ മഹത്വങ്ങളും പ്രബോധകനുള്ള പ്രതിഫലങ്ങളും

**ഒന്ന്:**

ദഅ്വത്ത് നിർവ്വഹിക്കൽ പ്രവാചകന്മാരെ അനുധാവനം ചെയ്യലും അവരെ പിൻപറ്റലുമാണ്. അല്ലാഹു ﷻ പറഞ്ഞു:

﴿ قُلْ هَٰذِهِۦ سَبِيلِىٓ أَدْعُوٓا۟ إِلَى ٱللَّهِ ۚ عَلَىٰ بَصِيرَةٍ أَنَا۠ وَمَنِ ٱتَّبَعَنِى ۖ وَسُبْحَٰنَ ٱللَّهِ وَمَآ أَنَا۠ مِنَ ٱلْمُشْرِكِينَ ﴾

﴿(നബിയേ) പറയുക, ഇതാണെന്റെ മാർഗ്ഗം. ദൃഢബോദ്ധ്യത്തോടുകൂടി അല്ലാഹുവിലേക്ക് ഞാൻ ക്ഷണിക്കുന്നു. ഞാനും എന്നെ പിൻപറ്റിയവരും. അല്ലാഹു എത്ര പരിശുദ്ധൻ! ഞാൻ (അവനോട്) പങ്കുചേർക്കുന്ന കൂട്ടത്തിലല്ലതന്നെ.﴾ (വി. ക്വു. യൂസുഫ്: 108)

ഇമാം അൽഫർറാഅ് ﷺ പറഞ്ഞു: "പ്രവാചകനെ ﷺ പിൻപറ്റിയ എല്ലാവർക്കും, അദ്ദേഹം ക്ഷണിച്ചതിലേക്ക് ക്ഷണിക്കുകയെന്നതും വിശുദ്ധക്വുർആൻകൊണ്ടും സദുപദേശംകൊണ്ടും ഉൽബോധനം നടത്തുകയെന്നതും ബാധ്യതയാണ്"

## രണ്ട്:

ദഅ്‌വത്ത് നന്മകളിലേക്കുള്ള മുന്നേറ്റവും പ്രതിഫലങ്ങൾ നേടുന്നതിലുള്ള ഉൽഘടമായ ഇച്ഛയുമാകുന്നു. പ്രബോധകന്മാരെ പുകഴ്ത്തിക്കൊണ്ട് അല്ലാഹു ﷻ പറയുന്നു:

﴿ وَمَنْ أَحْسَنُ قَوْلًا مِّمَّن دَعَآ إِلَى ٱللَّهِ ﴾

﴾അല്ലാഹുവിങ്കലേക്ക് ക്ഷണിക്കുന്നവനെക്കാൾ വിശിഷ്ടമായ വാക്ക് പറയുന്ന മറ്റാരുണ്ട്? ﴿ (വി. ക്വു. ഫുസ്സ്വിലത്: 33)

ഇമാം ശൗകാനി ﷺ പറഞ്ഞു: "അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവനേക്കാൾ ഉത്തമനും അവന്റെ മാർഗ്ഗത്തേക്കാൾ സുവ്യക്തമായ മാർഗ്ഗമുള്ളവനും കർമ്മത്തിന് അധികരിച്ച പ്രതിഫലമുള്ളവനുമായി യാതൊരാളുമില്ല."

## മൂന്ന്:

കുറഞ്ഞ കർമ്മത്തിന് കൂടുതൽ കൂലിയും പുണ്യവും നേടുവാനുള്ള മാർഗ്ഗമാണ് ദഅ്‌വത്ത്. നബി ﷺ സന്തോഷവാർത്ത അറിയിച്ചുകൊണ്ട് പറഞ്ഞു:

«مَنْ دَلَّ علىٰ خَيْرٍ فَلَهُ مِثْلُ أَجْرِ فَاعِله»

((ആരെങ്കിലും ഒരു നന്മ അറിയിച്ച് കൊടുത്താൽ അത് ചെ

യ്യുന്നവന് ലഭിക്കുന്നതുപോലുള്ള പ്രതിഫലം അവനും ലഭിക്കും)) (മുസ്ലിം)

താങ്കൾ ഒരാൾക്ക് ഇസ്ലാമിനെ അറിയിച്ചാൽ അയാളുടെ ഇസ്ലാമിന്റേയും കർമ്മങ്ങളുടേയും നമസ്കാരത്തിന്റേയും നോമ്പിന്റേയുമെല്ലാം പ്രതിഫലത്തിന് തുല്ല്യമായത് താങ്കൾക്കുമുണ്ടായിരിക്കും; അത് അയാളുടെ പ്രതിഫലത്തെ ഒട്ടും കുറക്കുകയില്ലതാനും. ഹജ്ജിനെ കുറിച്ച് താങ്കൾ ഒരാൾക്ക് വിവരം നൽകിയാൽ അയാളുടെ ഹജ്ജിന്റെ കൂലിക്ക് തുല്ല്യമായത് താങ്കൾക്കുമുണ്ടായിരിക്കും. പ്രബോധനം വിശാലമായ ഒരു കവാടമാകുന്നു. അല്ലാഹു ﷻ അനുഗ്രഹിച്ചവർ അതിൽ പ്രവേശിക്കുന്നു.

## നാല്:

അല്ലാഹു ﷻ വിൽനിന്ന് സന്മാർഗ്ഗവും സൗഭാഗ്യവും കനിയുമെന്നത് ദഅ്വത്തിന്റെ ഫലമാകുന്നു. അല്ലാഹു ﷻ പറഞ്ഞു:

﴿ وَٱلَّذِينَ جَٰهَدُوا۟ فِينَا لَنَهْدِيَنَّهُمْ سُبُلَنَا ۚ وَإِنَّ ٱللَّهَ لَمَعَ ٱلْمُحْسِنِينَ ﴾

﴿നമ്മുടെ മാർഗ്ഗത്തിൽ സമരത്തിൽ ഏർപ്പെട്ടവരാരോ, അവരെ നമ്മുടെ വഴികളിലേക്ക് നാം നയിക്കുക തന്നെ ചെയ്യുന്നതാണ്. തീർച്ചയായും അല്ലാഹു സദ്വൃത്തരോടൊപ്പമാകുന്നു.﴾ (വി. ക്വു. അങ്കബൂത്: 69)

ഇമാം ബഗവി رحمه الله പറഞ്ഞു: "നമ്മുടെ ദീനിനെ സഹായിക്കുന്ന മാർഗ്ഗേണ "ബഹുദൈവവിശ്വാസികളോട് ജിഹാദ് ചെയ്തവർ"

## അഞ്ച്:

സന്തതികളുടെ നന്മയിലാണല്ലോ ഇഹത്തിലും പരത്തിലും കൺ

കുളിർമ. പ്രസ്തുത നന്മ പ്രതീക്ഷിക്കാവുന്ന കർമ്മമത്രെ ദഅ്‌വത്ത്. അല്ലാഹു ﷻ വാകട്ടെ കർമ്മങ്ങൾ നന്നാക്കിയവരുടെ പ്രതിഫലം ഒരിക്കലും നഷ്ടപ്പെടുത്തുകയില്ല. അല്ലാഹു ﷻ പറഞ്ഞു:

﴿ وَلْيَخْشَ ٱلَّذِينَ لَوْ تَرَكُوا۟ مِنْ خَلْفِهِمْ ذُرِّيَّةً ضِعَٰفًا خَافُوا۟ عَلَيْهِمْ فَلْيَتَّقُوا۟ ٱللَّهَ وَلْيَقُولُوا۟ قَوْلًا سَدِيدًا ﴾

﴿തങ്ങളുടെ പിന്നിൽ ദുർബലരായ സന്താനങ്ങളെ വിട്ടേച്ചുപോയാൽ (അവരുടെ ഗതിയെന്താകുമെന്ന്) ഭയപ്പെടുന്നവർ (അതേവിധം മറ്റുള്ളവരുടെ മക്കളുടെ കാര്യത്തിൽ) ഭയപ്പെടട്ടെ. അങ്ങനെ അവർ അല്ലാഹുവെ സൂക്ഷിക്കുകയും, ശരിയായ വാക്ക് പറയുകയും ചെയ്യട്ടെ.﴾ (വി. ഖു. അന്നിസാഅ്: 9)

ശരിയായ വാക്കുകളിൽ ഏറ്റവും വിശിഷ്ടമായത് അല്ലാഹു ﷻ വിന്റെ മാർഗ്ഗത്തിലേക്കുള്ള ദഅ്‌വത്താകുന്നു.

### ആറ്:

കർമ്മങ്ങളെ പ്രദർശിപ്പിച്ച് ആളുകൾ വിചാരണക്കെടുക്കപ്പെടുന്നദിനം നന്മകളുടെ തുലാസുകൾ ഭാരം കൂട്ടുവാൻ നമുക്കാവുമെന്നത് ദഅ്‌വത്തിന്റെ ഫലമാണ്.

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«مَنْ دَعَا إِلَىٰ هُدًى، كَانَ لَهُ مِنَ الأَجْرِ مِثْلُ أُجُورِ مَـنْ تَبِعَـهُ، لاَ يَنْقُصُ ذٰلِكَ مِنْ أُجُورِهِمْ شَيْئاً»

((ആരെങ്കിലും സന്മാർഗ്ഗത്തിലേക്ക് (ജനങ്ങളെ) ക്ഷണിച്ചാൽ അതിനെ പിന്തുടരുന്നവരുടെ പ്രതിഫലം അവനുമുണ്ടാകും; അവരുടെ പ്രതിഫലത്തിൽനിന്നും ഒട്ടുംകുറയാതെതന്നെ))(മുസ്‌ലിം)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«مَنْ سَنَّ فِي الإِسْلاَمِ سُنَّةً حَسَنَةً، فَلَهُ أَجْرُهَا، وَأَجْرُ مَنْ عَمِلَ بِهَا بَعْدَهُ. مِنْ غَيْرِ أَنْ يَنْقُصَ مِنْ أُجُورِهِمْ شَيْءٌ »

((ആരെങ്കിലും ഇസ്ലാമിൽ (വിസ്മരിക്കപ്പെട്ട) ഒരു നല്ലചര്യയെ പുനരുജ്ജീവിപ്പിച്ചാൽ, അതിനുള്ള പ്രതിഫലവും ശേഷം അത് ചെയ്യുന്നവരുടെ പ്രതിഫലവും അവന് ഉണ്ടായിരിക്കും; അവരുടെ പ്രതിഫലത്തിൽനിന്ന് ഒട്ടും കുറയാതെതന്നെ)) (മുസ്ലിം)

**ഏഴ്:**

ദഅ്വത്ത് ഇഹപര വിജയങ്ങൾനേടിത്തരുന്ന കാരണങ്ങളിൽ ഒന്നാണ്. അല്ലാഹു ﷻ പറഞ്ഞു:

﴿ وَٱلْعَصْرِ ۝١ إِنَّ ٱلْإِنسَـٰنَ لَفِى خُسْرٍ ۝٢ إِلَّا ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ وَتَوَاصَوْا۟ بِٱلْحَقِّ وَتَوَاصَوْا۟ بِٱلصَّبْرِ ﴾

﴿കാലം തന്നെയാണ് സത്യം, തീർച്ചയായും മനുഷ്യൻ നഷ്ടത്തിൽ തന്നെയാകുന്നു; വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും, സത്യം കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ക്ഷമ കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ചെയ്തവരൊഴികെ.﴾ (വി. ക്വു. അൽഅസ്വ്ർ)

**എട്ട്:**

ദഅ്വത്ത് ശത്രുക്കൾക്കെതിരിൽ വിജയംനേടിത്തരുന്ന കാരണങ്ങളിൽ ഒന്നാണ്. അല്ലാഹു ﷻ പറഞ്ഞു:

﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِن تَنصُرُوا۟ ٱللَّهَ يَنصُرْكُمْ وَيُثَبِّتْ أَقْدَامَكُمْ ﴾

﴿ഹേ, സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സഹായിക്കുന്ന പക്ഷം അവൻ നിങ്ങളെ സഹായിക്കുകയും നിങ്ങളുടെ പാദങ്ങൾ ഉറപ്പിച്ച് നിർത്തുകയും ചെയ്യുന്നതാണ്.﴾ (വി. ക്വു. മുഹമ്മദ് :7)

കാരണം. അല്ലാഹു ﷻ ശറആക്കിയതുകൊണ്ട് അവൻ ആരാധിക്കപ്പെടുന്നതും തിന്മകൾ വിപാടനം ചെയ്യപ്പെടുന്നതും സമൂഹം ശക്തിയുടേയും വിജയത്തിന്റേയും വഴിയിൽ ചലിക്കുവാൻ ആവശ്യമായ പ്രതാപത്തിന്റേയും ആദരവിന്റേയും ആശയങ്ങൾ അവരിൽ പ്രചരിക്കുന്നതും ദഅ്‌വത്തിലൂടെയാണ്.

## ഒമ്പത്:

ദഅ്‌വത്തിലൂടെയാണ് ഉന്നത സ്ഥാനങ്ങൾ നേടിയെടുക്കപ്പെടുന്നത്. അല്ലാമഃ അബ്ദുർറഹ്‌മാൻ അസ്സഅ്ദി رحمه الله പറഞ്ഞു:" ദഅ്‌വത്തിന്റെ ഉന്നത പദവി നേടുന്നത് സ്വശരീരങ്ങളേയും മറ്റുള്ളവരേയും പൂർണ്ണതയിലെത്തിക്കുവാൻ പണിയെടുക്കുന്ന സ്വിദ്ദീക്വീങ്ങളായിരിക്കും. അവർക്ക് അല്ലാഹുവിന്റെ തിരുദൂതന്മാരിൽനിന്നുള്ള സമ്പൂർണ്ണമായ അനന്തരാവകാശം നേടിക്കൊടുക്കുന്നത് അവരുടെ ദഅ്‌വത്താകുന്നു."

## പത്ത്:

അല്ലാഹു ﷻ വിന്റെ കാരുണ്യം ദഅ്‌വത്ത് നിർവ്വഹിക്കുന്നവർക്കാകുന്നു. മലക്കുകളും ആകാശഭൂമിയിലുള്ളവരും ജനങ്ങൾക്ക് നന്മപഠിപ്പിക്കുന്നവർക്ക് കാരുണ്യത്തിനായി അല്ലാഹു ﷻ വോട് തേടും. കാരണം, അവർ അല്ലാഹു ﷻ വിന്റെ സമ്പൂർണ്ണ

വചനങ്ങളിൽനിന്നും തിരുദൂതരുﷺടെ തിരുമൊഴികളിൽനിന്നും അനന്തരമെടുത്ത വിജ്ഞാനമാണ് മറ്റുള്ളവർക്ക് എത്തിച്ചുനൽകുന്നത്. അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«إِنَّ اللهَ وَمَلاَئِكَتَهُ وَأَهْلَ السَّمَوَاتِ وَالأَرَضِينَ حَتَّى النَّمْلَةَ فِي جُحْرِهَا وَحَتَّى الْحُوتَ لَيُصَلُّونَ عَلَى مُعَلِّمِ النَّاسِ الْخَيْرَ»

((തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും ആകാശങ്ങളിലുള്ളവരും ഭൂതലങ്ങളിലുള്ളവരും മാളങ്ങളിലുള്ള ഉറുമ്പുകളും മൽസ്യങ്ങൾപോലും ജനങ്ങളെ നന്മ പഠിപ്പിക്കുന്നവന്ന് കാരുണ്യ വർഷത്തിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു))[1]

## പതിനൊന്ന്

ദഅ്‌വത്ത് നിർവ്വഹിക്കുന്നവർക്കാകുന്നു ഇഹപര ഉയർച്ചയും ഔന്നിത്ത്യവും. അല്ലാമാ ഇബ്നുൽ ഖ്വയ്യിം رحمه الله പറഞ്ഞു: "അല്ലാഹുﷻവിന്റെ പക്കൽ സൃഷ്ടികളുടെ പദവികളിൽ ഏറ്റവും ഉൽകൃഷ്ടമായത് രിസാലത്തിന്റേയും നുബുവ്വത്തിന്റേയും പദവിയാകുന്നു. അല്ലാഹുﷻ മലക്കുകളിൽനിന്ന് ദൂതന്മാരെ പ്രത്യേകമായി തെരെഞ്ഞെടുക്കുന്നു; മനുഷ്യരിൽനിന്നും."

## പന്ത്രണ്ട്

ദഅ്‌വത്ത് നിർവ്വഹിക്കുന്നവർക്കുള്ള പുണ്യം മരണാനന്തരവും നിലനിൽക്കുന്നു.

---

[1] സുനനുത്തിർമുദി. അൽബാനി ഹദീഥിനെ സ്വഹീഹെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«مَنْ سَنَّ سُنَّةً حَسَنَةً، فَلَهُ أَجْرُهَا مَا عُمِلَ بِهَا فِي حَيَاتِهِ وَبَعْدَ مَمَاتِهِ حَتَّى تُتْرَكَ »

((ആരെങ്കിലും ഒരു നല്ലചര്യ നടപ്പാക്കിയാൽ, അത് പ്രവർത്തിക്കപ്പെടുന്ന കാലത്തോളം അയാളുടെ ജീവിതകാലത്തും മരണശേഷവും അതിനുള്ള പ്രതിഫലം അയാൾക്കുണ്ട്; പ്രസ്തുത ചര്യ ഉപേക്ഷിക്കപ്പെടുന്നതുവരെ)) [1]

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«إِذَا مَاتَ الإِنْسَانُ انْقَطَعَ عَمَلُهُ إِلاَّ مِنْ ثَلاَثٍ: صَدَقَةٍ جَارِيَةٍ، أَوْ عِلْمٍ يُنْتَفَعُ بِهِ، أَوْ وَلَدٍ صَالِحٍ يَدْعُو لَهُ»

((ഒരു മനുഷ്യൻ മരണപ്പെട്ടാൽ തന്റെ അമലുകൾ മുറിഞ്ഞുപോയി; മൂന്നെണ്ണം ഒഴികെ. സ്വദക്വത്തുൻ ജാരിയഃ(നിലനിൽക്കുന്ന സ്വദക്വഃ), ഉപകാരപ്പെടുന്നതായ അറിവ്, തനിക്കുവേണ്ടി ദുആ ഇരക്കുന്ന സ്വാലിഹായ സന്തതി(എന്നിവയാണവ).)) (മുസ്‌ലിം)

## പതിമൂന്ന്

അല്ലാഹു ﷻ വിന്റെ ദീനിൽ നിലനിൽക്കുകയും സന്ദേശം എത്തിക്കുകയും ചെയ്യുന്നവർക്കാകുന്നു അവനിൽനിന്നുള്ള സ്നേഹം. അല്ലാഹു ﷻ പറഞ്ഞു:

---

[1] *ത്വബറാനി, മുഅ്ജമുൽ കബീർ. അൽബാനി ഹദീഥിനെ സ്വഹീഹുൻഹസനെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.*

﴿وَمَنْ أَحْسَنُ قَوْلًا مِّمَّن دَعَآ إِلَى ٱللَّهِ وَعَمِلَ صَٰلِحًا وَقَالَ إِنَّنِى مِنَ ٱلْمُسْلِمِينَ﴾

﴿അല്ലാഹുവിങ്കലേക്ക് ക്ഷണിക്കുകയും സൽകർമ്മം പ്രവർത്തിക്കുകയും തീർച്ചയായും ഞാൻ മുസ്‌ലിംകളുടെ കൂട്ടത്തിലാകുന്നു എന്ന് പറയുകയും ചെയ്തവനെക്കാൾ വിശിഷ്ടമായ വാക്ക് പറയുന്ന മറ്റാരുണ്ട്?﴾ (വി. ഖു. ഫുസ്സ്വിലത്: 33)

ഇമാം ഹസനുൽബസ്വരി رحمه الله പറഞ്ഞു: "അല്ലാഹുവിന്റെ വിളിക്ക് അല്ലാഹുവിന് ഉത്തരം നൽകിയ വിശ്വാസിയത്രേ ഇത്. അല്ലാഹുവിന്റെ വിളിക്ക് അവന് ഉത്തരം നൽകിയതിലേക്ക് ജനങ്ങളെ ക്ഷണിക്കുകയും അല്ലാഹുവിന് ഉത്തരം നൽകിയതിൽ സുകൃതം പവർത്തിക്കുകയും ചെയ്തു ഇയാൾ. ഇദ്ദേഹമത്രേ അല്ലാഹുവിന്റെ ഹബീബ്. ഇദ്ദേഹമത്രേ അല്ലാഹുവിന്റെ വലിയ്യും."

## പതിനാല്

മനസ്സിന് സന്തോഷമേകുകയും, ഹൃദയത്തിന് വിശാലത നൽകുകയും (കാര്യങ്ങൾ)തുടർച്ചയായി നിർവ്വഹിക്കുവാൻ സഹായിക്കുകയും വിപൽഘട്ടങ്ങളെ തരണം ചെയ്യുവാൻ താങ്ങാവുകയും ചെയ്യുന്ന, പ്രിയപ്പെട്ടതായ ദഅ്വത്തിന്റെ നേട്ടമാണ് തന്റെ വചനങ്ങൾ എത്തിക്കുന്നവർക്ക് പ്രസന്നതയുണ്ടാകുവാൻ നബിﷺ നടത്തിയ ദുആഅ്.

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«نَضَّرَ اللَّهُ امْرَأً سَمِعَ مَقَالَتِي فَبَلَّغَهَا، فَرُبَّ حَامِلِ فِقْهٍ غَيْرِ فَقِيهٍ، وَرُبَّ حَامِلِ فِقْهٍ إِلَى مَنْ هُوَ أَفْقَهُ مِنْهُ»

((എന്റെ സംസാരത്തെ കേൾക്കുകയും അത്‌ജനങ്ങളിലേക്ക്‌ എത്തിച്ച്‌ കൊടുക്കുകയും ചെയ്യുന്നവനെ അല്ലാഹു പ്രകാശിപ്പിക്കുമാറാകട്ടെ. കാരണം, എത്ര ജ്ഞാനം വഹിക്കുന്നവരാണ്‌ അവർ വഹിക്കുന്ന ജ്ഞാനം പൂർണമായി അറിയാത്തവരായിട്ടുള്ളത്‌. എത്ര ജ്ഞാനം വഹിക്കുന്നവരാണ്‌ തന്നേക്കാൾ അറിവുള്ളവരിലേക്ക്‌ അറിവ്‌ എത്തിച്ച്‌ കൊടുക്കുന്നവരായി ഉള്ളത്‌.)) [1]

അപ്പോൾ ഈ ദുആഅ്‌ ആരെ തേടിയെത്തിയോ അവനാകുന്നു മംഗളം. ഈ ദുആഇൽനിന്ന്‌ ആര്‌ ഒരു വിഹിതം നേടിയോ അവനാകുന്നു മംഗളം.

## പതിനഞ്ച്‌

തന്റെ ഹദീഥുകൾ എത്തിക്കുന്നവർക്ക്‌ കാരുണ്യമുണ്ടാകുവാൻ നബിﷺ നടത്തിയ ദുആഅ്‌, ദഅ്‌വത്തിന്റെ മാർഗ്ഗത്തിൽ പാദമൂന്നി മുന്നേറുവാൻ ഏറ്റവും വലിയ സഹായിയാണ്‌.

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

« رحم الله امرأ سمع مني حديثا فحفظه ، حتى يبلغه غيره »

((എന്നിൽനിന്ന്‌ ഒരു ഹദീഥ്‌ കേൾക്കുകയും അത്‌ താനല്ലാത്തവരിലേക്ക്‌ എത്തിക്കുന്നതുവരെ അതിനെ സംരക്ഷിക്കുകയും ചെയ്ത ഒരാളോട്‌ അല്ലാഹു കരുണകാണിക്കട്ടെ.)) [2]

---

[1] *സുനനു ഇബ്നിമാജ, അൽബാനി ഹദീഥിനെ സ്വഹീഹെന്ന്‌ വിശേഷിപ്പിച്ചിട്ടുണ്ട്‌.*

[2] *സ്വഹീഹു ഇബ്നിഹിബ്ബാൻ, ശുഐബ്‌ അൽഅർനാഊത്വ്‌ ഹദീഥിനെ സ്വഹീഹെന്ന്‌ വിശേഷിപ്പിച്ചിട്ടുണ്ട്‌.*

ഇന്ന് ദീൻ എത്തിക്കുവാനുള്ള വഴികൾ സമൃദ്ധമാണ്. പ്രബോധിതന് ഏറ്റവും നന്നായ നിലയിലും സുന്ദരമാർഗ്ഗേണയും മതമെത്തിക്കുവാൻ ഇസ്‌ലാമികവിഷയങ്ങൾ ഉൾകൊള്ളുന്നഗ്രന്ഥങ്ങളും കേസറ്റുകളുമാണവ. ഇസ്‌ലാം സ്വീകരിച്ച ഒരു വ്യക്തി പറഞ്ഞ കാര്യമാണ് ഞാൻ ഓർക്കുന്നത്. അയാൾ സൗദിയിലേക്ക് ഒരു ജോലിയാവശ്യാർത്ഥം വരികയും ഏതാനും വർഷങ്ങൾ ഇവിടെ തങ്ങുകയുമുണ്ടായി. എന്നാൽ കലാവധി തീർന്ന് നാട്ടിലേക്ക് തിരിക്കുവോളം ആരും അദ്ദേഹത്തിന് ഇസ്‌ലാമിനെ പരിചയപ്പെടുത്തുകയുണ്ടായില്ല. പിന്നീട് അയാൾ മറ്റൊരു വിസയിൽ ഹോട്ടൽ മെയ്ന്റനൻസ് ജോലിക്കായി ഇവിടെയെത്തി. അദ്ദേഹം പറയുന്നു: തന്റെ ജോലിക്കിടെ ഒരു ലഘുലേഖ കണ്ടു. ഹോട്ടൽ റൂം വാടകക്കെടുത്ത വ്യക്തി തീൻ മേശയിൽ വെച്ചതായിരുന്നു അത്. ഞാൻ അതെടുത്തു നോക്കി. ഇസ്‌ലാമിനെ പരിചയപ്പെടുത്തുന്നതായിരുന്നു ആ ലഘുലേഖ. ഇസ്‌ലാമിനെ കുറിച്ച് അന്വേഷിക്കുവാനും ചോദിക്കുവാനുമുള്ള തുടക്കമായി അത്. ഞാൻ ഇസ്‌ലാം ആശ്ലേഷിച്ചു. എന്റെ മാതാപിതാക്കളും ഭാര്യയും സത്യദീൻ സ്വീകരിച്ചു. ശേഷിക്കുന്ന കുടുംബത്തെ ഇസ്‌ലാമിലേക്കെത്തിക്കുവാനുള്ള ശ്രമത്തിലാണ് ഞാനിപ്പോൾ.

താൻ കാരണത്താൽ ഇസ്‌ലാമിലേക്ക് കടന്നുവന്ന ഈ കുടുംബവും മറ്റും അന്ത്യനാളിൽ വരികയും അതെല്ലാം തന്റെ പുണ്ണ്യത്തിന്റെ ഏടുകളിൽ വെക്കപ്പെടുകയും നന്മകളായി എണ്ണപ്പെടുകയും ചെയ്യുമ്പോൾ ലഘുലേഖ മേശപ്പുറത്തുവെച്ച ആ പ്രബോധകന്റെ സന്തോഷം എത്രമാത്രമായിരിക്കും?

## പതിനാറ്

ദഅ്‌വത്ത് നിർവ്വഹിക്കൽ വിവിധ സ്വദക്വഃകളിൽ ഒന്നാണ്. അല്ലാഹു ﷻ പറഞ്ഞു:

﴿ ٱلَّذِينَ يُؤْمِنُونَ بِٱلْغَيْبِ وَيُقِيمُونَ ٱلصَّلَوٰةَ وَمِمَّا رَزَقْنَٰهُمْ يُنفِقُونَ ﴾

﴿അദൃശ്യകാര്യങ്ങളിൽ വിശ്വസിക്കുകയും, നമസ്കാരം മുറപ്രകാരം നിർവഹിക്കുകയും, നാം നൽകിയ സമ്പത്തിൽനിന്ന് ചെലവഴിക്കുകയും ചെയ്യുന്നവർ﴾ (വി. ക്വു. അൽബക്വറഃ: 3)

ഇമാം അൽഹസൻ رحمه الله പറഞ്ഞു: "ഏറ്റവും മഹത്തായ ചിലവഴിക്കൽ വിജ്ഞാനം ചിലവഴിക്കലാണ്."

ഉന്നതനും മഹത്ത്വമുടയവനുമായ അല്ലാഹു عز وجل വോട്, നമ്മെയെല്ലാം അവന്റെ ദീനിലേക്ക് ദഅ്‌വത്ത് നടത്തുന്ന പ്രബോധകരാക്കുവാനും, വാക്കിലും പ്രവൃത്തിയിലും നമുക്കെല്ലാം നിഷ്ക്കളങ്കത പ്രദാനം ചെയ്യുവാനും ഞാൻ കേഴുന്നു.

# ദഅ്വത്ത്:

# ചില സുപ്രധാന ഫത്വകൾ

## ഒന്ന്

## ദഅ്വത്ത് മുൻഗണനാക്രമം

?

ഇസ്ലാമിലേക്കുള്ള ദഅ്വത്ത് അതിശ്രേഷ്ഠമായ സന്ദേശമെത്തിക്കലാണല്ലോ. നമ്മുടെ ഈ വർത്തമാന കാലത്ത് ഒരു പ്രബോധകൻ അനിവാര്യമായും കൈകാര്യംചെയ്യേണ്ട വിഷയങ്ങൾ ഏതെല്ലാമാണ്?

✍

അല്ലാഹുﷻവിലേക്കും ഇസ്ലാമിലേക്കുമുള്ള ദഅ്വത്ത് മുഴുവൻ മുർസലീങ്ങളുടേയും ദഅ്വത്താണെന്നതിൽ യാതൊരു സംശയവുമില്ല. അല്ലാഹുﷻ മുഴുവൻ മുർസലീങ്ങളെ നിയോഗിച്ചതും വേദഗ്രന്ഥങ്ങളെ അവതരിപ്പിച്ചതും അവനിലേക്ക് ക്ഷണിക്കുന്നതിനുവേണ്ടിയാണ്. വേദഗ്രന്ഥങ്ങളിൽ അതിമഹത്തരവും അതിശ്രേഷ്ഠവും അവസാനത്തേതുമായ വിശുദ്ധ ക്വുർആൻ മുഴുവനും അല്ലാഹുﷻവിലേക്കുള്ള ക്ഷണവും, ഇസ്ലാമിനെ കുറിച്ച് സന്തോഷമറിയിക്കലും, അതിനെതിരിലിലുള്ളതിനെ കുറിച്ച് മുന്നറിയിപ്പ് നൽകലും, ഉത്കൃഷ്ട ഗുണങ്ങളിലേക്കും ഉത്തമ

പ്രവൃത്തികളിലേക്കുമുള്ള ക്ഷണവും, ദുർഗുണങ്ങളെ കുറിച്ചും ദുർവൃത്തികളെ കുറച്ചും അപായ അറിയിപ്പ് നൽകലുമാണ്.

നമ്മുടെ ഈ യുഗത്തിലായാലും ഏത് കാലഘട്ടങ്ങളിലായാലും പരമപ്രധാനമായത് അല്ലാഹുﷻവിന്റെ തൗഹീദിലേക്കും ഇബാദത്ത് അവനുമാത്രം നിഷ്കളങ്കമാക്കുന്നതിലേക്കുമുള്ള ദഅ്‌വത്ത് ആകുന്നു. അല്ലാഹുﷻവിന്റെ നാമവിശേഷണങ്ങൾ വ്യക്തമാക്കുകയും അതിൽ വിശ്വസിക്കുന്നതോടൊപ്പം അവ വന്നതുപോലെ അല്ലാഹുﷻവിന്റെ മഹത്വത്തിന് അനുയോജ്യമാംവിധം 'തഹ്‌രീഫും'(മാറ്റിത്തിരുത്തൽ) 'തംഥീലും'(കോലപ്പെടുത്തൽ) 'തഅ്ത്വീലും'(നിരാകരിക്കൽ) 'തക്‌യീഫും'(എങ്ങിനെയെന്നുപറയൽ) ഇല്ലാതെ അവ സ്ഥിരീകരിക്കുന്നതിലേക്കും ദഅ്‌വത്ത് നടത്തുകയാണ് വേണ്ടത്. അല്ലാഹുﷻവിന്റെ നാമവിശേഷണങ്ങളെ ഈ വിധം സ്വീകരിക്കുന്നത് വിശുദ്ധക്വുർആൻ വചനങ്ങളെ പ്രയോഗവൽകരിച്ചാണ്. അല്ലാഹുﷻ പറഞ്ഞു:

﴿ قُلْ هُوَ ٱللَّهُ أَحَدٌ ۝١ ٱللَّهُ ٱلصَّمَدُ ۝٢ لَمْ يَلِدْ وَلَمْ يُولَدْ ۝٣ وَلَمْ يَكُن لَّهُۥ كُفُوًا أَحَدٌۢ ﴾

﴿(നബിയേ,) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ (ആർക്കും) ജൻമം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവന്ന് തുല്യനായി ആരും ഇല്ലതാനും﴾ (വി. ക്വു. അൽഇഖ്‌ലാസ്വ്)

﴿ فَلَا تَضْرِبُوا۟ لِلَّهِ ٱلْأَمْثَالَ ۚ إِنَّ ٱللَّهَ يَعْلَمُ وَأَنتُمْ لَا تَعْلَمُونَ ﴾

﴿ആകയാൽ അല്ലാഹുവിനു നിങ്ങൾ ഉപമകൾ പറയരുത്. തീർച്ചയായും അല്ലാഹു അറിയുന്നു. നിങ്ങൾ അറിയുന്നില്ല. ﴾ (വി. ക്വു. അന്നഹ്ൽ: 74)

﴿ فَاطِرُ السَّمَاوَاتِ وَالْأَرْضِ جَعَلَ لَكُم مِّنْ أَنفُسِكُمْ أَزْوَاجًا وَمِنَ الْأَنْعَامِ أَزْوَاجًا يَذْرَؤُكُمْ فِيهِ لَيْسَ كَمِثْلِهِ شَيْءٌ وَهُوَ السَّمِيعُ الْبَصِيرُ ﴾

﴿ആകാശങ്ങളുടെയും ഭൂമിയുടെയും സ്രഷ്ടാവാകുന്നു (അവൻ.) നിങ്ങൾക്കുവേണ്ടി നിങ്ങളുടെ വർഗ്ഗത്തിൽ നിന്നുതന്നെ അവൻ ഇണകളെ (ഉണ്ടാക്കിത്തന്നിരിക്കുന്നു.) അതിലൂടെ നിങ്ങളെ അവൻ സൃഷ്ടിച്ച് വർധിപ്പിക്കുന്നു. അവന് തുല്യമായി യാതൊന്നുമില്ല. അവൻ എല്ലാം കാണുന്നവനും എല്ലാം കേൾക്കുന്നവനുമാകുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും സ്രഷ്ടാവാകുന്നു (അവൻ.) നിങ്ങൾക്കുവേണ്ടി നിങ്ങളുടെ വർഗ്ഗത്തിൽനിന്നുതന്നെ അവൻ ഇണകളെ (ഉണ്ടാക്കിത്തന്നിരിക്കുന്നു.) അതിലൂടെ നിങ്ങളെ അവൻ സൃഷ്ടിച്ച് വർധിപ്പിക്കുന്നു. അവന് തുല്യമായി യാതൊന്നുമില്ല. അവൻ എല്ലാം കാണുന്നവനും എല്ലാം കേൾക്കുന്നവനുമാകുന്നു.﴾(വി.ക്വു. അശ്ശൂറാ: 11)

അല്ലാഹു ﷻ വിലേക്ക് ക്ഷണിക്കുന്ന പ്രബോധകരെ സംബന്ധിച്ചിടത്തോളം തൗഹീദുർറുബൂബിയ്യഃ(സൃഷ്ടിച്ച് പരിപാലിക്കുന്നതിലുള്ള അല്ലാഹുവിന്റെ ഏകത്വം) മുഖവിലക്കെടുക്കുക എന്നത് അവരുടെമേൽ നിർബന്ധമാണ്. ഈ ഏകത്വം മുശ്രിക്കുകൾ അംഗീകരിച്ചിരുന്നു. അഥവാ, അല്ലാഹു ﷻ വാകുന്നു മുഴുവൻ വസ്തുക്കളുടേയും രക്ഷിതാവെന്നും സൃഷ്ടാവെന്നും അന്നദാതാവെന്നും എന്നെന്നും ജീവിച്ചിരിപ്പുള്ളവനും എല്ലാം നിയന്ത്രിക്കുന്നവനെന്നും ഉപകാര ഉപദ്രവങ്ങൾ ഉടമപ്പെടുത്തുന്നവനെന്നുമുള്ള വിശ്വാസമാണ് തൗഹീദുർറുബൂബിയ്യഃ. ഈ

വിശ്വാസം മുസ്ലിംകളുടെ അടുക്കലും അമുസ്ലിംകളുടെ അടുക്കലും അറിയപ്പെട്ടതായിരുന്നു. അബൂജഹലടക്കമുള്ള ക്വുറൈശീ കുഫ്ഫാറുകൾ ഇത് അറിഞ്ഞിരുന്നു. അവർ തൗഹീദുർറുബൂബിയ്യഃ അംഗീകരിച്ചതിനാൽ അതുകൊണ്ട്, അവർ തൗഹീദുൽ ഉലൂഹിയ്യഃ (ആരാധ്യതയിലുള്ള അല്ലാഹുവിന്റെ ഏകത്വം) നിഷേധിച്ചതിനെതിരിൽ അല്ലാഹു ﷻ അവർക്കെതിരിൽ തെളിവ് പിടിച്ചു.

അല്ലാഹു ﷻ പ്രവാചകന്മാരെ നിയോഗിച്ചതായ തൗഹീദിന്റെ യാഥാർത്ഥ്യം ജനങ്ങൾക്ക് വ്യക്തമാക്കിക്കൊടുക്കൽ പ്രബോധകരുടെമേൽ -അവർ എവിടെയായിരുന്നാലും- നിർബന്ധമാണ്. അല്ലാഹു ﷻവിൽ പങ്കുചേർക്കുന്നെതിരിലും ക്വബ്റാളികളെ ആരാധിക്കുക, മരണപ്പെട്ടവരോട് സഹായാർത്ഥ നടത്തുക, മൗത്തായവർക്ക് നേർച്ചയാക്കുക, അവർക്കുവേണ്ടി അറുക്കുക, അവരുടെ ക്വബ്റുകളെ ത്വവാഫ് ചെയ്യുക, തുടങ്ങി ഇന്ന് മുശ്‌രിക്കുകൾ ചെയ്യുന്ന പ്രവൃത്തികൾക്കെതിരിലും ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകൽ പ്രബോധകരുടെമേൽ നിർബന്ധമാണ്. ഇപ്രകാരം തന്നെയാണ് വിഗ്രഹങ്ങളേയും മരങ്ങളേയും കല്ലുകളേയും ജിന്നുകളേയും മലക്കുകളേയും അമ്പിയാക്കളേയും വിളിച്ചാരാധിക്കൽ. എല്ലാം അല്ലാഹു ﷻവിൽ പങ്കുചേർക്കുന്നതിൽപ്പെട്ടതാകുന്നു. ഒരു മനുഷ്യനും, മരണപ്പെട്ടവരോടോ മരത്തോടോ കല്ലിനോടോ വിഗ്രഹത്തോടോ നക്ഷത്രത്തോടോ അദൃശ്യരായ മലക്കിനോടോ ജിന്നിനോടോ മറ്റുവല്ലതിനോടോ ദുആചെയ്യുവാൻ പാടുള്ളതല്ല. എന്നുമാത്രമല്ല, ഇതുതന്നെയാണ് അല്ലാഹു ﷻ വിശുദ്ധ ക്വുർആനിൽ പറഞ്ഞതായ വലിയശിർക്ക്. വലിയശിർക്കിനെകുറിച്ച് അല്ലാഹു ﷻ പറഞ്ഞു:

﴿ إِنَّ ٱللَّهَ لَا يَغْفِرُ أَن يُشْرَكَ بِهِۦ وَيَغْفِرُ مَا دُونَ ذَٰلِكَ لِمَن يَشَآءُ ۚ وَمَن يُشْرِكْ بِٱللَّهِ فَقَدِ ٱفْتَرَىٰٓ إِثْمًا عَظِيمًا ﴾

﴿തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കുചേർത്തുവോ അവൻ തീർച്ചയായും ഗുരുതരമായ ഒരു കുറ്റകൃത്യമാണ് ചമച്ചുണ്ടാക്കിയിരിക്കുന്നത്.﴾ (വി. ക്വു. അന്നിസാഅ്: 48)

﴿ إِنَّهُۥ مَن يُشْرِكْ بِٱللَّهِ فَقَدْ حَرَّمَ ٱللَّهُ عَلَيْهِ ٱلْجَنَّةَ وَمَأْوَىٰهُ ٱلنَّارُ ۖ وَمَا لِلظَّٰلِمِينَ مِنْ أَنصَارٍ ﴾

﴿അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗ്ഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല.﴾ (വി. ക്വു. അൽമാഇദഃ : 72)

എന്നാൽ, ജീവിച്ചിരിപ്പുള്ള, ഹാജറുള്ള, വ്യക്തിയോട് അയാളുടെ കഴിവിൽപ്പെട്ടത് തേടുന്നതിൽ കുഴപ്പമില്ല. കാരണം, മൂസാ عليه السلام കോപ്റ്റിക് വംശജനോടൊത്തുള്ള സംഭവത്തിൽ അല്ലാഹു ﷻ പറയുന്നു:

﴿ فَٱسْتَغَٰثَهُ ٱلَّذِى مِن شِيعَتِهِۦ عَلَى ٱلَّذِى مِنْ عَدُوِّهِۦ ﴾

﴾അപ്പോൾ തന്റെ കക്ഷിയിൽ പെട്ടവൻ തന്റെ ശത്രുവിഭാഗത്തിൽ പെട്ടവനെതിരിൽ അദ്ദേഹത്തോട് സഹായം തേടി.﴿ (വി. ക്വു. അൽക്വസ്വസ്വ് : 15)

റസൂലിﷺൽ വിശ്വസിക്കുകയും അദ്ദേഹം മുഴുവൻ മനുഷ്യരിലേക്കും ജിന്നുകളിലേക്കുമുള്ള അല്ലാഹുവിന്റെ ദൂതനാണെന്ന് സാക്ഷ്യം വഹിക്കുകയും ചെയ്യുന്നതോടൊപ്പം അദ്ദേഹത്തെ പിൻപറ്റൽ നിർബന്ധമാണെന്ന് ജനങ്ങൾക്ക് വ്യക്തമാക്കിക്കൊടുക്കൽ പ്രബോധകന് നിർബന്ധമാണ്. എല്ലാ നബിമാരിലും, അല്ലാഹുﷻവും അല്ലാഹുവിന്റെ ദൂതന്മാരും അറിയിച്ച കാര്യങ്ങളിലും അന്ത്യനാളിലും സ്വർഗ്ഗ നരകങ്ങളിലും ക്വദ്റിലും അതിന്റെ നന്മതിന്മയിലും വിശ്വസിക്കൽ നിർബന്ധമാണെന്നും വ്യക്തമാക്കിക്കൊടുക്കൽ പ്രബോധകന് നിർബന്ധമാണ്.

ഈ അതിപ്രധാനങ്ങളായ അടിസ്ഥാനങ്ങൾ, അഥവാ അല്ലാഹുവിന്റെ ഏകത്വം, അവനിലുള്ള വിശ്വാസം, മുർസലീങ്ങളിലുള്ള വിശ്വാസം, മുർസലീങ്ങളിൽ അന്തിമനും നേതാവുമായ മുഹമ്മദ് നബിﷺയിലുള്ള വിശ്വാസം, അന്ത്യനാളിലും സ്വർഗ്ഗ നരകങ്ങളിലുമുള്ള വിശ്വാസം, മലക്കുകളിലുള്ള വിശ്വാസം, അമ്പിയാക്കൾക്ക് അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസം ക്വദ്റിലും അതിന്റെ നന്മതിന്മയിലുമുള്ള വിശ്വാസം എന്നിവ ജനങ്ങൾക്ക് വ്യക്തമാക്കിക്കൊടുക്കൽ പ്രബോധകന് നിർബന്ധമാണ്. അതിൽപിന്നെ നമസ്കാരം, സകാത്ത്, നോമ്പ്, ഹജ്ജ്, മാതാപിതാക്കൾക്ക് പുണ്യംചെയ്യൽ, കുടുംബബന്ധം പുലർത്തൽ, നന്മ കൽപിക്കൽ എന്നിവയിലേക്കെല്ലാം ക്ഷണിക്കലും, വ്യഭിചാരം, മോഷണം, സമ്പത്തിലും ശരീരത്തിലും അഭിമാനത്തിലും ജനങ്ങളോടുള്ള അക്രമം, ഏഷണി, പരദൂഷണം, പലിശഭുജിക്കൽ, നിഷിദ്ധം സമ്പാദിക്കൽ, തുടങ്ങിയ തിന്മകൾ

വിരോധിക്കലും അല്ലാഹുﷻവിലേക്ക് ദഅ്വത്ത് നടത്തുന്ന ഒരു പ്രബോധകന്റെ ബാധ്യതയാണ്.

അല്ലാഹുവേ, നിന്റെ തൗഫീകിനായി കേഴുന്നു.

നമ്മുടെ പ്രവാചകൻ മുഹമ്മദ് നബിﷺയിലും അദ്ദേഹത്തിന്റെ കുടുംബത്തിലും അനുചരന്മാരിലും സ്വലാത്തും സലാമും അല്ലാഹുﷻവിൽനിന്ന് സദാവർഷിക്കുമാറാകട്ടെ...[1]

1. മജ്മൂഉ ഫതാവാ വ മക്വാലാത്ത്, ശൈഖ് അബ്ദുൽ അസീസ് ഇബ്നു ബാസ്.

രണ്ട്

# വിജയകരമായ പ്രബോധനവും പ്രബോധകനുള്ള നിബന്ധനകളും

? 1. വിജയകരമായ ദഅ്‌വത്ത് ഏതാണ്?

? 2. വിജയകരമായ ദഅ്‌വത്ത് എവിടെനിന്ന് കണ്ടെടുക്കുവാനാകും?

? 3. പ്രബോധകനിൽ ഉണ്ടാകേണ്ടതായ നിബന്ധനകൾ ഏതെല്ലാമാണ്?

? 4. ഈ വിഷയങ്ങളെ കുറിച്ച് സംസാരിക്കുന്ന ചില ഗ്രന്ഥങ്ങൾ ഉണർത്തിയാലും?

1.

പ്രബോധകന് വഴിതെളിയിക്കുന്ന ഉപകാരപ്രദമായ അറിവോടുകൂടി നിർവ്വഹിക്കപ്പെടുന്ന ദഅ്‌വത്താണ് വിജയകരമായ ദഅ്‌വത്ത്. അല്ലാഹു ﷻ പറയുന്നു:

﴿وَمَنْ أَحْسَنُ قَوْلًا مِّمَّن دَعَا إِلَى اللَّهِ وَعَمِلَ صَالِحًا وَقَالَ إِنَّنِي مِنَ الْمُسْلِمِينَ﴾

﴿അല്ലാഹുവിങ്കലേക്ക് ക്ഷണിക്കുകയും സൽകർമ്മം പ്രവർത്തിക്കുകയും തീർച്ചയായും ഞാൻ മുസ്‌ലിംകളുടെ കൂട്ടത്തിലാകുന്നു എന്ന് പറയുകയും ചെയ്തവനെക്കാൾ വിശിഷ്ടമായ വാക്ക് പറയുന്ന മറ്റാരുണ്ട്?﴾ (വി. ഖു. ഫുസ്സ്വിലത്: 33)

﴿ قُلْ هَٰذِهِۦ سَبِيلِىٓ أَدْعُوٓا۟ إِلَى ٱللَّهِ ۚ عَلَىٰ بَصِيرَةٍ أَنَا۠ وَمَنِ ٱتَّبَعَنِى ۖ وَسُبْحَٰنَ ٱللَّهِ وَمَآ أَنَا۠ مِنَ ٱلْمُشْرِكِينَ ﴾

﴿(നബിയേ,) പറയുക: ഇതാണ് എന്റെ മാർഗ്ഗം. ദൃഢബോദ്ധ്യത്തോട് കൂടി അല്ലാഹുവിലേക്ക് ഞാൻ ക്ഷണിക്കുന്നു. ഞാനും എന്നെ പിൻപറ്റിയവരും. അല്ലാഹു എത്ര പരിശുദ്ധൻ! ഞാൻ (അവനോട്) പങ്കുചേർക്കുന്ന കൂട്ടത്തിലല്ലതന്നെ.﴾ (സൂറ: യൂസുഫ്: 108)

2.

വിശുദ്ധക്വുർആനിൽനിന്നും തിരുസുന്നത്തിൽനിന്നും, സ്വഹാബത്തും താബിഇൗങ്ങളും അവരെ പിൻതുടർന്നവരും നേരായവിധം അതിനെ പ്രയോഗവത്കരിച്ചതിൽനിന്നും വിജയകരമായ ദഅ്വത്ത് കണ്ടെടുക്കുവാനാകും.

3.

പ്രബോധകനിൽ ഉണ്ടാകേണ്ട നിബന്ധനകളിൽപെട്ടതാണ്, ശുഐബ് നബി(عليه السلام)യുടെ കഥയിൽ അല്ലാഹു(تعالى) പറഞ്ഞതായ കാര്യങ്ങൾ. ശുഐബ് നബി(عليه السلام) തന്റെ ജനതയോട് പറഞ്ഞതായി അല്ലാഹു(تعالى) പറയുന്നു:

﴿ قَالَ يَٰقَوْمِ أَرَءَيْتُمْ إِن كُنتُ عَلَىٰ بَيِّنَةٍ مِّن رَّبِّى وَرَزَقَنِى مِنْهُ رِزْقًا حَسَنًا ۚ وَمَآ أُرِيدُ أَنْ أُخَالِفَكُمْ إِلَىٰ مَآ أَنْهَىٰكُمْ عَنْهُ ۚ إِنْ أُرِيدُ إِلَّا ٱلْإِصْلَٰحَ مَا ٱسْتَطَعْتُ ۚ وَمَا تَوْفِيقِىٓ إِلَّا بِٱللَّهِ ۚ عَلَيْهِ تَوَكَّلْتُ وَإِلَيْهِ أُنِيبُ ﴾

﴾അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, നിങ്ങൾ ചിന്തിച്ച് നോക്കിയിട്ടുണ്ടോ? ഞാൻ എന്റെ രക്ഷിതാവിങ്കൽ നിന്നുള്ള വ്യക്തമായ തെളിവിനെ അവലംബിക്കുന്നവനായിരിക്കുകയും, അവൻ എനിക്ക് അവന്റെ വകയായി ഉത്തമമായ ഉപജീവനം നൽകിയിരിക്കുകയുമാണെങ്കിൽ (എനിക്കെങ്ങനെ സത്യം മറച്ചുവെക്കാൻ കഴിയും.) നിങ്ങളെ ഞാൻ ഒരു കാര്യത്തിൽ നിന്ന് വിലക്കുകയും, എന്നിട്ട് നിങ്ങളിൽ നിന്ന് വ്യത്യസ്തനായിക്കൊണ്ട് ഞാൻ തന്നെ അത് പ്രവർത്തിക്കുകയും ചെയ്യണമെന്ന് ഉദ്ദേശിക്കുന്നുമില്ല. എനിക്ക് സാധ്യമായത്ര നൻമവരുത്താനല്ലാതെ മറ്റൊന്നും ഞാൻ ഉദ്ദേശിക്കുന്നില്ല. അല്ലാഹുമുഖേന മാത്രമാണ് എനിക്ക് (അതിന്) അനുഗ്രഹം ലഭിക്കുന്നത്. അവന്റെ മേലാണ് ഞാൻ ഭരമേൽപിച്ചിരിക്കുന്നത്. അവനിലേക്ക് ഞാൻ താഴ്മയോടെ മടങ്ങുകയും ചെയ്യുന്നു.﴿ (വി. ക്വു. ഹൂദ്:88)

പ്രബോധനത്തിന്റെ ശർത്തുകളായി ഇവിടെ പറയുന്നത്, അറിവ്, ഹലാലായ സമ്പാദ്യം, ദഅ്വത്ത് ചെയ്യുന്നതിന് മാതൃകയാകൽ, കൽപിക്കുന്നത് സ്വയം പ്രയോഗവൽകരിക്കൽ, വിരോധിക്കുന്നതിൽനിന്ന് സ്വയം വിട്ടുനിൽക്കൽ, നല്ല നിയ്യത്ത്, കാര്യങ്ങൾ അല്ലാഹുﷻവിലേക്ക് ഏൽപിക്കൽ, ബോധനവും തൗഫീക്വും അല്ലാഹുﷻവിന്റെ കരങ്ങളിൽമാത്രമെന്നതിനാൽ അവനിൽ തവക്കുലാക്കൽ എന്നിവയാണ്.

പ്രബോധകനിൽ ഉണ്ടാകേണ്ട നിബന്ധനകളിൽപെട്ടതാണ്, സൂറത്ത് നഹ്ലിൽ 125 ാം ആയത്തിൽ അല്ലാഹുﷻ പറഞ്ഞതായ കാര്യങ്ങൾ. അല്ലാഹുﷻ പറയുന്നു:

﴿ ٱدْعُ إِلَىٰ سَبِيلِ رَبِّكَ بِٱلْحِكْمَةِ وَٱلْمَوْعِظَةِ ٱلْحَسَنَةِ ۖ وَجَٰدِلْهُم بِٱلَّتِى هِىَ أَحْسَنُ ۚ إِنَّ رَبَّكَ هُوَ أَعْلَمُ بِمَن ضَلَّ عَن سَبِيلِهِۦ ۖ وَهُوَ أَعْلَمُ بِٱلْمُهْتَدِينَ ﴾

﴿യുക്തിദീക്ഷയോടു കൂടിയും, സദുപദേശം മുഖേനയും നിന്റെ രക്ഷിതാവിന്റെ മാർഗ്ഗത്തിലേക്ക് നീ ക്ഷണിച്ച് കൊള്ളുക. ഏറ്റവും നല്ല രീതിയിൽ അവരുമായി സംവാദം നടത്തുകയും ചെയ്യുക. തീർച്ചയായും നിന്റെ രക്ഷിതാവ് തന്റെ മാർഗ്ഗം വിട്ട് പിഴച്ച് പോയവരെപ്പറ്റി നല്ലവണ്ണം അറിയുന്നവനത്രെ. സൻമാർഗ്ഗം പ്രാപിച്ചവരെപ്പറ്റിയും അവൻ നല്ലവണ്ണം അറിയുന്നവനത്രെ.﴾ (വി. ക്വു. അന്നഹ്ൽ: 125)

പ്രബോധകനിൽ ഉണ്ടാകേണ്ട മറ്റൊരു നിബന്ധനയാണ് ക്ഷമ. അല്ലാഹു ﷻ പറയുന്നു:

﴿ وَٱصْبِرْ وَمَا صَبْرُكَ إِلَّا بِٱللَّهِ ۚ وَلَا تَحْزَنْ عَلَيْهِمْ وَلَا تَكُ فِى ضَيْقٍ مِّمَّا يَمْكُرُونَ ﴾

﴿നീ ക്ഷമിക്കുക. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മാത്രമാണ് നിനക്ക് ക്ഷമിക്കാൻ കഴിയുന്നത്. അവരുടെ (സത്യനിഷേധികളുടെ) പേരിൽ നീ വ്യസനിക്കരുത്. അവർ കുതന്ത്രം പ്രയോഗിക്കുന്നതിനെപ്പറ്റി നീ മനഃക്ലേശത്തിലാവുകയും അരുത്.﴾ (വി. ക്വു. അന്നഹ്ൽ:127)

﴿ وَٱصْبِرْ نَفْسَكَ مَعَ ٱلَّذِينَ يَدْعُونَ رَبَّهُم بِٱلْغَدَوٰةِ وَٱلْعَشِىِّ يُرِيدُونَ وَجْهَهُۥ ۖ وَلَا تَعْدُ عَيْنَاكَ عَنْهُمْ تُرِيدُ زِينَةَ ٱلْحَيَوٰةِ ٱلدُّنْيَا ۖ وَلَا تُطِعْ مَنْ أَغْفَلْنَا قَلْبَهُۥ عَن ذِكْرِنَا وَٱتَّبَعَ هَوَىٰهُ وَكَانَ أَمْرُهُۥ فُرُطًا ﴾

﴿തങ്ങളുടെ രക്ഷിതാവിന്റെ മുഖം ലക്ഷ്യമാക്കിക്കൊണ്ട് കാലത്തും വൈകുന്നേരവും അവനോട് പ്രാർത്ഥിച്ച് കൊണ്ടിരിക്കുന്നവരുടെ കൂടെ നീ നിന്റെ മനസ്സിനെ അടക്കി നിർത്തുക. ഇഹലോകജീവിതത്തിന്റെ അലങ്കാരം ലക്ഷ്യമാക്കിക്കൊണ്ട് നിന്റെ കണ്ണുകൾ അവരെ വിട്ടുമാറിപ്പോകാതിരിക്കട്ടെ. ഏതൊരുവന്റെ ഹൃദയത്തെ നമ്മുടെ സ്മരണയെവിട്ടു നാം അശ്രദ്ധമാക്കിയിരിക്കുന്നുവോ, ഏതൊരുവൻ തന്നിഷ്ടത്തെ പിന്തുടരുകയും അവന്റെ കാര്യം അതിരുകവിഞ്ഞതായിരിക്കുകയും ചെയ്തുവോ, അവനെ നീ അനുസരിച്ചു പോകരുത്.﴾ (വി. ക്വു. അൽകഹ്ഫ്:28)

✍ 4.

ഈ വിഷയത്തിൽ സംസാരിക്കുന്ന ഗ്രന്ഥങ്ങൾ:

1. വിശുദ്ധ ക്വുർആൻ. അത് നിങ്ങൾ മനഃപാഠമാക്കുകയും, പാരായണം ചെയ്യുന്നതും പഠനവിധേയമാക്കുന്നതും വർദ്ധിപ്പിക്കുകയും ചെയ്യുക. അതുകൊണ്ട് കർമ്മങ്ങളനുഷ്ഠിക്കുന്നതും അതിലേക്ക് പ്രബോധനം നടത്തുന്നതും നിങ്ങൾ മുഖ്യപരിഗണനയിലെടുക്കുക.
2. തിരുസുന്നത്ത്. പഠിക്കുക, പ്രയോഗവത്കരിക്കുക, പ്രബോധനം ചെയ്യുക എന്നിവയിലെല്ലാം വിശുദ്ധ ക്വുർആനിലേക്ക് സുന്നത്തും ചേർക്കുക. കാരണം, സുന്നത്ത് ക്വുർആനിന്റെ വിവരണവും വ്യാഖ്യാനവുമാകുന്നു.
3. സുന്നത്തുകൾ ക്രോഡീകരിച്ച ഗ്രന്ഥങ്ങൾ.
    1. സ്വഹീഹുൽബുഖാരി.
    2. സ്വഹീഹുമുസ്‌ലിം.
    3. മുസ്നദുഅഹ്മദ്.
    4. സുനനുഅബീദാവൂദ്.
    5. സുനനുത്തിർമുദി.
    6. സുനനുന്നസാഈ.

7. സുനനു ഇബ്നിമാജഃ.

തുടങ്ങിയ ഹദീഥ് ഗ്രന്ഥങ്ങൾ.

4. ശൈഖുൽ ഇസ്‌ലാം ഇബ്നുത്തയ്മിയ്യഃ, ശൈഖുൽ ഇസ്‌ലാം ഇബ്നുൽക്വയ്യിം എന്നിവരുടെ ഗ്രന്ഥങ്ങൾ.
5. ആധുനിക യുഗത്തിലെ ദഅ്‌വത്തിന്റെ ഇമാമുമാരായ ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽവഹ്ഹാബിന്റേയും അദ്ദേഹത്തിന്റെ അനുചരന്മാരുടേയും ഗ്രന്ഥങ്ങൾ.

അല്ലാഹുവേ, നിന്റെ തൗഫീക്വിനായി കേഴുന്നു.

നമ്മുടെ പ്രവാചകൻ മുഹമ്മദ് നബിﷺയിലും ര
ത്തിന്റെ കുടുംബത്തിലും അനുചരന്മാരിലും സ്വലാത്തും ,
മും അല്ലാഹുﷻവിൽനിന്ന് സദാവർഷിക്കുമാറാകട്ടെ...[1]

1. ശൈഖ് അബ്ദുൽ അസീസ് ഇബ്നു ബാസിന്റെ നേതൃത്വത്തിലുള്ള അല്ലജ്നത്തു ദ്ദാഇമഃ ലിൽബുഹൂഥിൽ ഇൽമിയ്യ വൽ ഇഫ്താഅ്.

മൂന്ന്

# ദഅ്വത്തും സ്ത്രീകളും

?

സ്ത്രീക്ക് തന്റെ വീടിന് പുറത്ത് ഇസ്‌ലാമിക പ്രബോധനത്തിന് മേഖലകളുണ്ടോ? ഉണ്ടെങ്കിൽ എങ്ങിനെ?

സ്ത്രീക്ക് തന്റെ വീട്ടിൽ ഭർത്താവ്, വിവാഹബന്ധം നിഷിദ്ധമാക്കപ്പെട്ടവർ തുടങ്ങി തന്റെ കുടുംബത്തിലെ പുരുഷന്മാർക്കും സ്ത്രീൾക്കും ദഅ്വത്ത് നടത്താവുന്നതാണ്. തന്റെ വീടിന് പുറത്തും സ്ത്രീകൾക്ക് ഇസ്‌ലാമിക പ്രബോധനത്തിന് അവസരമുണ്ട്. പക്ഷെ, ഭർത്താവോ വിവാഹബന്ധം നിഷിദ്ധമാക്കപ്പെട്ടവരോ കൂടെയില്ലാതെ യാത്ര പാടുള്ളതല്ല. ഫിത്നഃ ഉണ്ടാകുമെന്ന് ഭയക്കാതിരിക്കുകയും വേണം. വിവാഹിതയാണെങ്കിൽ ഭർത്താവിന്റെ സമ്മതവും സ്ത്രീയുടെ ആവശ്യകത ഉണ്ടാവുകയും വേണം; ദഅ്വത്തിനേക്കാൾ ബാധ്യതയായതും, കുടുംബത്തിന് തന്നിൽനിന്ന് ലഭിക്കേണ്ടതുമായ അവകാശം നഷ്ടപ്പെടുത്തിക്കൊണ്ടുമാകരുത്.

അല്ലാഹുവേ, നിന്റെ തൗഫീകിനായി കേഴുന്നു.

നമ്മുടെ പ്രവാചകൻ മുഹമ്മദ് നബി ﷺ യിലും അദ്ദേഹത്തിന്റെ കുടുംബത്തിലും അനുചരന്മാരിലും സ്വലാത്തും സലാമും അല്ലാഹു ﷻ വിൽനിന്ന് സദാവർഷിക്കുമാറാകട്ടെ...[1]

1. ശൈഖ് അബ്ദുൽ അസീസ് ഇബ്നു ബാസിന്റെ നേതൃത്വത്തിലുള്ള അല്ലജ്നത്തു ദ്ദാഇമഃ ലിൽബുഹൂഥിൽ ഇൽമിയ്യ വൽ ഇഫ്താഅ്.

## നാല്

# ദഅ്വത്ത് ശൈലികൾക്കുള്ള മാനദണ്ഡങ്ങൾ

?

ദഅ്വത്തിന്റെ ശൈലികൾ നിർണ്ണിതമായ വല്ല മാനദണ്ഡങ്ങൾ കൊണ്ടും ക്ലിപ്തപ്പെടുത്തപ്പെട്ടിട്ടുണ്ടോ?

✍

അല്ലാഹു ﷻ വിശുദ്ധ ക്വുർആനിൽ പറയുന്നു:

﴿ ٱدْعُ إِلَىٰ سَبِيلِ رَبِّكَ بِٱلْحِكْمَةِ وَٱلْمَوْعِظَةِ ٱلْحَسَنَةِ ۖ وَجَـٰدِلْهُم بِٱلَّتِى هِىَ أَحْسَنُ ۚ إِنَّ رَبَّكَ هُوَ أَعْلَمُ بِمَن ضَلَّ عَن سَبِيلِهِۦ ۖ وَهُوَ أَعْلَمُ بِٱلْمُهْتَدِينَ ﴾

﴿യുക്തിദീക്ഷയോടു കൂടിയും, സദുപദേശം മുഖേനയും നിന്റെ രക്ഷിതാവിന്റെ മാർഗ്ഗത്തിലേക്ക് നീ ക്ഷണിച്ച് കൊള്ളുക. ഏറ്റവും നല്ല രീതിയിൽ അവരുമായി സംവാദം നടത്തുകയും ചെയ്യുക. തീർച്ചയായും നിന്റെ രക്ഷിതാവ് തന്റെ മാർഗ്ഗം വിട്ട് പിഴച്ച് പോയവരെപ്പറ്റി നല്ലവണ്ണം അറിയുന്നവനത്രെ. സൻമാർഗ്ഗം പ്രാപിച്ചവരെപ്പറ്റിയും അവൻ നല്ലവണ്ണം അറിയുന്നവനത്രെ.﴾ (വി. ക്വു. അന്നഹ്ൽ: 125)

കാരണം, തിന്മയിൽ അകപ്പെടുന്ന വ്യക്തി ഒന്നുകിൽ വിവരമില്ലാത്തവനായിരിക്കും. അത്തരക്കാരനെ ഹിക്മത്തു കൊണ്ട് ദഅ്വത്ത് നടത്തിയാൽ മതിയാകും. തന്റെ തെറ്റ്

എന്തെന്ന് വ്യക്തമാക്കിക്കൊടുക്കുക. അത് അവന് ബോധ്യപ്പെട്ടാൽ അവൻ ചൊവ്വായതിലേക്ക് മടങ്ങിക്കൊള്ളും.

ജനങ്ങളിൽ തെറ്റ് വ്യക്തമാക്കിക്കൊടുത്താലും ചൊവ്വായതിലേക്ക് മടങ്ങാത്തവരുണ്ട്. അലസത അയാളിലുണ്ടായിരിക്കും. കാരണം, ദേഹേച്ഛയും തന്നിഷ്ടവും അയാളോട് സംഘട്ടനത്തിലായിരിക്കും. ഇത്തരക്കാരന് അല്ലാഹുﷻവിനെക്കുറിച്ച് ഭയപ്പാടുണ്ടാക്കിയും തന്റെ തെറ്റ് ശിക്ഷാർഹമാണെന്നറിഞ്ഞിട്ടും തെറ്റിൽ ഉറച്ചാലുള്ള ശിക്ഷ വ്യക്തമാക്കിക്കൊടുത്തും മൗഇളത്ത്(ഉപദേശം) നൽകുകയാണ് വേണ്ടത്.

മൂന്നാമത് ഒരു വിഭാഗമുണ്ട്. വിധിയറിഞ്ഞാലും ബാത്വിലിനുവേണ്ടിയും താനുള്ളതായ തിന്മക്കുവേണ്ടിയും അയാൾ തർക്കിക്കും. അയാൾ, തന്റെ തെറ്റിനെ സാധൂകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇത്തരക്കാരോട് തർക്കം ആവശ്യമായിവരും. പക്ഷെ, ഏറ്റവും നല്ല രീതിയിലായിരിക്കണം പ്രസ്തുത സംവാദം. രൂക്ഷമോ, ആക്ഷേപമോ, വ്യക്തിഹത്യയോ ആകാവതല്ല. പ്രത്യുത, സത്യം വ്യക്തമാവുകയും അസത്യം നീങ്ങിപ്പോവുകയും ചെയ്യുന്നതുവരെ ഏറ്റവും നല്ല രീതിയിൽ തെളിവും തെളിവും മാറ്റുരച്ചുമായിരിക്കണം അത്.

അല്ലാഹുﷻ ഈ ആയത്തിൽ ഈ മൂന്ന് പടികൾ ദഅ്‌വത്തിന് ഉണർത്തിയിരിക്കുന്നു.

ഒന്ന്: യുക്തിദീക്ഷ

രണ്ട്: സദുപദേശം

മൂന്ന്: ഏറ്റവും നല്ല രീതിയിലുള്ള സംവാദം

പ്രബോധിതരുടെ വ്യത്യാസത്തിനനുസരിച്ച് ഈ ശൈലികളും വ്യത്യാസപ്പെടും.[1]

---

1. അൽമുൻതക്വാ മിൻ ഫതാവൽഫൗസാൻ. 22: 8

അഞ്ച്

# ദഅ്വത്തും നവീനശൈലികളും

?

വർത്തമാനകാലത്തെ പ്രബോധന ശൈലികളെ കുറിച്ച് താങ്കളുടെ അഭിപ്രായം എന്താണ്? നവീനശൈലികൾ കൊണ്ടുവരുന്നത് കാലഘട്ടത്തിന് ചേർന്ന കാര്യമാണെന്നതിനോട് യോജിക്കാമോ?

ഏത് കാലത്തായാലും ഏത് മേഖലയിലായാലും അല്ലാഹുവിലേക്കുള്ള ദഅ്വത്ത് ഏറ്റവും മഹത്തായ ബാധ്യതയാണെന്നതിൽ സംശയമില്ല. ആദംനബി(عليه السلام)യുടെ കാലം മുതൽ മാനവകുലത്തിന്റെ ഒടുക്കംവരെയും അത് അപ്രകാരമാണ്. ഈ ഉത്തരവാദിത്വം ഏൽപ്പിക്കപ്പെട്ടവരാണ് വിശ്വാസികൾ. അല്ലാഹു (تعالى) പറഞ്ഞു:

﴿ كُنتُمْ خَيْرَ أُمَّةٍ أُخْرِجَتْ لِلنَّاسِ تَأْمُرُونَ بِالْمَعْرُوفِ وَتَنْهَوْنَ عَنِ الْمُنكَرِ وَتُؤْمِنُونَ بِاللَّهِ ﴾

﴿മനുഷ്യവംശത്തിനുവേണ്ടി രംഗത്ത് കൊണ്ടുവരപ്പെട്ട ഉത്തമ സമുദായമാകുന്നു നിങ്ങൾ. നിങ്ങൾ സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും, അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു.﴾ (വി. ക്വു. ആലുഇംറാൻ : 110)

﴿ وَلْتَكُن مِّنكُمْ أُمَّةٌ يَدْعُونَ إِلَى الْخَيْرِ وَيَأْمُرُونَ بِالْمَعْرُوفِ وَيَنْهَوْنَ عَنِ الْمُنكَرِ ۚ
وَأُولَٰئِكَ هُمُ الْمُفْلِحُونَ ﴿١٠٤﴾ ﴾

﴿നന്മയിലേക്ക് ക്ഷണിക്കുകയും, സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽനിന്ന് വിലക്കുകയും ചെയ്യുന്ന ഒരു സമുദായം നിങ്ങളിൽനിന്ന് ഉണ്ടായിരിക്കട്ടെ. അവരത്രെ വിജയികൾ.﴾ (വി. ക്വു. ആലുഇംറാൻ : 104)

അപ്പോൾ ദഅ്വത്തിന്റെ മേഘലയിൽ മുഹമ്മദ് നബിﷺയുടെ ഉമ്മത്തികൾക്കുള്ള ഉത്തരവാദിത്തം ഏറ്റവും വലുതാണ്. കാരണം, ഈ മതത്തിലൂടെയും, വിശുദ്ധ ക്വുർആനിലൂടെയും, ആളുകളെ നേർമാർഗ്ഗത്തിലാക്കുവാനുള്ള താൽപര്യവും വിവരണശേഷിയും അല്ലാഹുﷻ കനിഞ്ഞേകിയതിനാൽ ഈ മഹോന്നതനായ പ്രവാചകനിലൂടെയും ദീനീപ്രബോധനത്തെ അല്ലാഹുﷻ സംരക്ഷിച്ചിരിക്കുന്നു.

പ്രബോധന ശൈലികൾ വിശുദ്ധ ക്വുർആനിൽനിന്നും തിരുസുന്നത്തിൽനിന്നുമാണ് സ്വീകരിക്കേണ്ടത്. അല്ലാഹുവിന്റെ റസൂൽﷺ നിയോഗിക്കപ്പെട്ട നാളുമുതൽ വഫാത്താകുന്നതുവരെ പ്രബോധനം നടത്തിയിട്ടുണ്ട്. അദ്ദേഹമാകട്ടെ, പ്രബോധനത്തിൽ സ്വീകരിച്ച ശൈലി സമ്പൂർണ്ണമാണ്. പ്രബോധനം എന്തെന്ന് ഗ്രഹിച്ച് മനസ്സിലാക്കി അദ്ദേഹവും അനുചരന്മാരും അത് പ്രയോഗവത്കരിച്ചു. അല്ലാഹു ﷻ പറഞ്ഞു:

﴿ لَّقَدْ كَانَ لَكُمْ فِي رَسُولِ اللَّهِ أُسْوَةٌ حَسَنَةٌ لِّمَن كَانَ يَرْجُو اللَّهَ وَالْيَوْمَ الْآخِرَ
وَذَكَرَ اللَّهَ كَثِيرًا ﴾

﴾തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹുവേയും അന്ത്യദിനത്തേയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും, അല്ലാഹുവെ ധാരാളമായി ഓർമിക്കുകയും ചെയ്തുവരുന്നവർക്ക്.﴿ (വി. ക്വു. അഹ്സാബ് : 21)

അപ്പോൾ, അല്ലാഹുവിന്റെ തിരുദൂതർﷺ, പ്രബോധകന്മാർക്കും പ്രവർത്തകന്മാർക്കും ധർമ്മസമരം ചെയ്യുന്നവർക്കും നന്മ കൽപ്പിക്കുന്നവർക്കും തിന്മ വിരോധിക്കുന്നവർക്കും മാതൃകയാണ്.

പ്രബോധനത്തിന്റെ രീതീശാസ്ത്രത്തിലും ശൈലിയിലും റസൂലിﷺന്റെ മൻഹജിൽനിന്ന് തെറ്റുകയില്ലെന്നത് പരിഗണയിലെടുക്കപ്പെടുന്നതോടൊപ്പം ആധുനികവും ഉപകാരപ്രദവുമായ മാധ്യമങ്ങളെ സഹായത്തിനുപയോഗിക്കൽ ശൈലിയുടെ വിഷയത്തിൽ തടസ്സമല്ല. അപ്രകാരംതന്നെ ദഅ്‌വത്തിന്റെ ശൈലിയുടെ വിഷയത്തിൽ നവീകരണം റസൂലിന്റെ ചര്യയോടു എതിരാകാതിരിക്കുകയും റസൂലിﷺന്റെ മൻഹജിന്റെ പരധിക്കുള്ളിൽ പരിമിതപ്പെടുകയും വേണം.

ജനസമൂഹങ്ങളുടെ അവസ്ഥകൾ വ്യത്യസ്ഥങ്ങളാണെന്നത് നാം ഗ്രഹിക്കേണ്ടതുണ്ട്. എല്ലാ ഓരോ സമൂഹത്തിനും അനുയോജ്യമായ ശൈലി തെരെഞ്ഞെടുത്ത് അതിലൂടെ അവരെ പ്രബോധനം ചെയ്യൽ നമുക്ക് നിർബന്ധമാണ്.

പ്രബോധനം സാർവ്വലൗകികമാണെന്നും പ്രാദേശികമോ ഗോത്രപരമോ അല്ലെന്നും നാം അറിയേണ്ടതുണ്ട്.

അല്ലാഹു ﷻ പറഞ്ഞു:

﴿ تَبَارَكَ ٱلَّذِى نَزَّلَ ٱلْفُرْقَانَ عَلَىٰ عَبْدِهِۦ لِيَكُونَ لِلْعَٰلَمِينَ نَذِيرًا ﴾

﴾തന്റെ ദാസന്റെമേൽ സത്യാസത്യവിവേചനത്തിനുള്ള പ്രമാണം (ഖുർആൻ) അവതരിപ്പിച്ചവൻ അനുഗ്രഹപൂർണ്ണനാകുന്നു. അദ്ദേഹം (റസൂൽ) ലോകർക്ക് ഒരു താക്കീതുകാരൻ ആയിരിക്കുന്നതിനു വേണ്ടിയത്രെ അത്. ﴿ (വി. ക്വു. അൽഫുർക്വാൻ :1)

പ്രബോധനം സാർവ്വലൗകികവും സമഗ്രവുമാണെന്ന് നാം അറിയുമ്പോൾ സമസ്തലോകത്തിന്റെ അവസ്ഥകളും ഓരോ സമൂഹത്തിന്റേയും പ്രകൃതിയിലുണ്ടാകുന്ന വ്യത്യാസവും നാം അറിയൽ അനിവാര്യമാണ്. ഓരോ അവസ്ഥക്കും അനുയോജ്യമായത് നാം തയ്യാറാക്കലും അനിവാര്യമാണ്.[1]

1. അൽമുൻതക്വാ മിൻ ഫതാവൽഫൗസാൻ. 45: 13

ആറ്

# അന്യമതസ്ഥരും ക്വുർആനും

?

ഒരു ക്രിസ്ത്യാനിക്ക് അല്ലാഹു ﷻ സന്മാർഗ്ഗം കാണിക്കട്ടെ എന്ന ആഗ്രഹത്താൽ അയാൾക്ക് വായിക്കുവാൻ ക്വുർആൻ പരിഭാഷ നൽകാമോ?

ദഅ്‌വത്ത് പ്രവാചകന്മാരുടെ മാർഗ്ഗമാകുന്നു. അല്ലാഹു ﷻ പറയുന്നു:

﴿ قُلْ هَٰذِهِۦ سَبِيلِىٓ أَدْعُوٓا۟ إِلَى ٱللَّهِ ۚ عَلَىٰ بَصِيرَةٍ أَنَا۠ وَمَنِ ٱتَّبَعَنِى ۖ وَسُبْحَٰنَ ٱللَّهِ وَمَآ أَنَا۠ مِنَ ٱلْمُشْرِكِينَ ﴾

﴾(നബിയേ,) പറയുക: ഇതാണ് എന്റെ മാർഗ്ഗം. ദൃഢബോധ്യത്തോട് കൂടി അല്ലാഹുവിലേക്ക് ഞാൻ ക്ഷണിക്കുന്നു. ഞാനും എന്നെ പിൻപറ്റിയവരും. അല്ലാഹു എത്ര പരിശുദ്ധൻ! ഞാൻ (അവനോട്) പങ്കുചേർക്കുന്ന കൂട്ടത്തിലല്ലതന്നെ.﴿ (സൂറ: യൂസുഫ്: 108)

വിശുദ്ധ ക്വുർആൻ ആശയ വിവർത്തനത്തിന്റെ കോപ്പി അയാൾക്ക് നൽകുകയെന്നത് ദഅ്‌വത്തിന്റെ ഇനങ്ങളിൽ ഒന്നാണ്. അതിനാൽ അതിൽ കുഴപ്പമില്ല.

അല്ലാഹുവേ, നിന്റെ തൗഫീക്വിനായി കേഴുന്നു.

നമ്മുടെ പ്രവാചകൻ മുഹമ്മദ് നബി ﷺ യിലും അദ്ദേഹത്തിന്റെ കുടുംബത്തിലും അനുചരന്മാരിലും സ്വലാത്തും സലാമും അല്ലാഹു ﷻ വിൽനിന്ന് സദാവർഷിക്കുമാറാകട്ടെ...[1]

---

1. ശൈഖ് അബ്ദുൽ അസീസ് ഇബ്നുബാസിന്റെ നേതൃത്വത്തിലുള്ള അല്ലജ്നത്തു ദ്ദാഇമഃ ലിൽബുഹൂഥിൽ ഇൽമിയ്യ വൽഇഫ്താഅ്. നഃ 2217

ഏഴ്

# വിശുദ്ധ ക്വുർആനും ആശയ വിവർത്തനവും

?

അനറബി ഭാഷയിലേക്ക് വിശുദ്ധ ക്വുർആനിന്റെ ആശയ വിവർത്തനം അനുവദനീയമാണോ?

✍

വിശുദ്ധ ക്വുർആനിന്റെ ആശയ വിവർത്തനം അത്യാവശ്യമായതിനാലും, പ്രമാണങ്ങളിൽ ക്വുർആനിന്റെ ആശയ വിവർത്തനത്തെ തടയുന്ന യാതൊന്നുമില്ലെന്നതിനാലും, അല്ലാഹുﷻവിൽനിന്നും തിരുദൂതരിﷺൽ നിന്നുമുള്ളതായ ദീൻ എത്തിക്കൽ മതത്തിൽ നാം കൽപിക്കപ്പെട്ടതാണല്ലോ; അതിനുള്ള മാധ്യമങ്ങളിൽപ്പെട്ടതാണ് വിശുദ്ധ ക്വുർആനിന്റെ ആശയ വിവർത്തനമെന്നതിനാലും അത് അനുവദനീയമാണ്. ജൂതന്മാരുടെ ഗ്രന്ഥങ്ങൾ നബിﷺക്ക് പരിഭാഷപ്പെടുത്തുന്നതിനുവേണ്ടി അവരുടെ ഭാഷ പഠിക്കുവാൻ നബിﷺ സെയ്ദ് ഇബ്നുഥാബിതിؓനോട് കൽപിക്കുകയുണ്ടായി. ആവശ്യമായ സന്ദർഭങ്ങളിൽ അനറബി ഭാഷകൾ അറബിയിലേക്കും അറബി അനറബിയിലേക്കും തർജുമചെയ്യൽ താൽപര്യപ്പെട്ട കാര്യമാണെന്ന് ഇത് അറിയിക്കുന്നു; പരിഭാഷകൻ ഇരുഭാഷകളിലും അറിവുള്ളവനും വിശ്വസ്ഥനുമായിരിക്കണം എന്ന നിബന്ധനയോടെ.[1]

1. മജ്മൂഉഫതാവാ വ മക്വാലാത്ത്, ശൈഖ് അബ്ദുൽ അസീസ് ഇബ്നുബാസ്. 24: 387,388.(സെയ്ദ് ഇബ്നു ഥാബിതിൽനിന്നുള്ള ഹദീഥ് ഇമാം ബുഖാരി സ്വഹീഹിൽ തഅ്ലീക്വായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിവ:)

# ഉള്ളടക്കം


| | |
|---|---|
| • വിവർത്തകന് പറയുവാനുള്ളത് | 1 |
| • മുഖക്കുറി | 6 |
| • പ്രബോധനത്തിന്റെ മഹത്വങ്ങളും പ്രബോധകനുള്ള പ്രതിഫലങ്ങളും | 8 |
| • ദഅ്‌വത്ത്: ചില സുപ്രധാന ഫത്‌വകൾ | 20 |
| • ദഅ്‌വത്ത് മുൻഗണനാക്രമം | 20 |
| • വിജയകരമായ പ്രബോധനവും പ്രബോധകനുള്ള നിബന്ധനകളും | 27 |
| • ദഅ്‌വത്തും സ്ത്രീകളും | 33 |
| • ദഅ്‌വത്ത് ശൈലികൾക്കുള്ള മാനദണ്ഡങ്ങൾ | 34 |
| • ദഅ്‌വത്തും നവീനശൈലികളും | 36 |
| • അന്യമതസ്ഥരും ക്വുർആനും | 40 |
| • വിശുദ്ധ ക്വുർആനും ആശയ വിവർത്തനവും | 41 |
| • ഉള്ളടക്കം | 42 |

# ٱدۡعُ إِلَىٰ سَبِيلِ رَبِّكَ


**تأليف**

عبد الملك القاسم


ويليه بعض فتاوى هامّة حول الدعوة


**ترجمة**

عبد الجبّار عبد الله